# ഒരു പൊടിക്കൈ

കെ. സുകുമാരൻ, ബി. എ.



ഒരു പൊടിക്കൈ

കെ. സുകുമാരൻ, ബി. എ.
(മലയാളം: കഥ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution By ShareAlike 4.0 International License license for free download and usage.

Heroic Landscape with Rainbow, a painting by Joseph Anton Koch (1768–1839). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 ഒരു പൊടിക്കൈ . . . . . . . . . 4

2 ചതിക്കു ചതി . . . . . . . . . . . 5

3 ഒരു പുതിയ വിദ്യ . . . . . . . . . 6

4 ആനനായാട്ട് . . . . . . . . . . . . 7

# 1

# ഒരു പൊടിക്കൈ

കയ്യിൽ കാശില്ലാത്ത കേവലം പാപ്പരായ്പ്പോകുന്ന അവസരങ്ങൾ കൂടക്കൂടെ വന്നുചേരുന്നത് ഓരോരുത്തരുടെ തലയിലെഴുത്താണ്. എനിക്കാണെങ്കിൽ എന്റെ കയ്യിൽ കിട്ടുന്ന പണം വെളിയിലയിൽ വീഴുന്ന വെള്ളംപോലെ ചഞ്ചലമായിരിക്കകൊണ്ട്, കുചേലന്റെ പൂർവ്വാവസ്ഥ ഒരിക്കലും ഒരു അപൂർവ്വാവസ്ഥയായിത്തീരാറില്ല. ഹരജിയുടെ ബുദ്ധിമുട്ടൊന്നും കൂടാതെ പാപ്പർസ്ഥാനം കൂടക്കൂടെ സിദ്ധിക്കുന്ന എനിക്ക് അങ്ങിനേയുള്ള അവസരംപോലെ ഉന്മേഷമുണ്ടാക്കുന്ന അവസരം മറ്റൊന്നുമില്ലെന്ന് തീർച്ച പറയാം. ഭുക്കുണ്ഡന്റെ ശ്ലോകമാണെ നേര് ഞാൻ പറഞ്ഞത് കളവല്ല. സൂക്ഷിച്ചുവെക്കേണ്ടത് ദേഹസുഖവും ചിലവഴിക്കേണ്ടത് പണവും എന്നാണ് എന്റെ പ്രമാണം. അനാവശ്യമായി ചിലവാക്കാൻ എത്രയെങ്കിലും ഉറുപ്പിക കയ്യിലില്ലാത്തത് ഒരു നല്ല അനുഭവമായിരിക്കേണ്ടതാണെന്ന് ഞാൻ ഇതുകൊണ്ട് ധ്വനിപ്പിക്കുന്നില്ല. ഞാൻ എല്ലാറ്റിലും ഒരു വിപരീത മട്ടുകാരനാണ്. കാശില്ലാതാകുമ്പോഴാണ് എന്റെ ആലോചനക്ക് ശക്തിയും, ബുദ്ധിക്ക് കൂർമ്മതയും ധൈര്യത്തിന്ന് ഉണർച്ചയും ഉണ്ടാകുന്നത്. ഈ മാതിരി അടി വറ്റിയ നില എന്നെപ്പോലെയുള്ള ധാരാളികൾക്ക് മാത്രമെ കൂടക്കൂടെ സിദ്ധിക്കാറുള്ളൂ. കുബേരന്റെ തറവാട്ടിലെ കാരണവനായാലും കൂടി ഞാൻ അവിടത്തെ സ്വത്തുക്കളുടെ ഉന്മൂലനാശത്തിന്ന് കാരണമാവാതിരിക്കില്ല. നിർദ്ധനാവസ്ഥയിൽ നിന്ന് കേവലം എന്നെ വീണ്ടെടുപ്പാൻ ഈശ്വരനുപോലും സാധിക്കയില്ല. കോടീശ്വരന്മാരായ കാർനിജിക്കും ഫോർഡിന്നുംകൂടി ഈ മാതിരി അനുഭവം കൊണ്ടാടാൻ കഴികയില്ലെന്ന ഒരു വിചാരം ചിലപ്പോഴൊക്കെ എന്നെ രസിപ്പിച്ചു. എന്തായാലും പണമുള്ളവർക്ക് സാദ്ധ്യമാകാത്ത കാര്യങ്ങളുമുണ്ടെന്ന് ഞാൻ ഇതുകൊണ്ട് ഗ്രഹിച്ചു. പണമുള്ളതുകൊണ്ട് കുഴങ്ങുന്ന അവരോടൊന്നും, പണമില്ലാത്തതുകൊണ്ട് കുഴങ്ങുന്ന എനിക്ക് വലിയ ബഹുമാനമില്ല. ഇല്ലാത്തവർക്ക് ഒരിക്കൽ ഉണ്ടാവും എന്ന ആശയും ആശംസയും ഉള്ളപോലെ, ഉള്ളവർക്ക് ഒരിക്കൽ ഇല്ലാതായ്പ്പോകും എന്ന പേടിയും ശങ്കയും ഉണ്ടാകും. അതെന്തെങ്കിലുമാവട്ടെ അന്നത്തെ ദിവസത്തിൽ എന്റെ കയ്യിൽ ഒരു ഉരഞ്ഞ കാശുപോലുമില്ലായിരുന്നു. പണത്തിനെ സംബന്ധിച്ചിടത്തോളം ഇല കൊഴിഞ്ഞുപോയ മരംപോലെ ഞാനും വെറും നഗ്നനായിരുന്നു. അതുകൊണ്ട് അന്നത്തെ അനാവശ്യചിലവിന്ന് അത്യാവശ്യമായ പത്തിരുന്നൂറുറുപ്പിക എങ്ങിനെ ഉണ്ടാക്കണം എന്നാലോചിച്ച് വരുമ്പോഴാണ് ഞാൻ എന്റെ സ്നേഹിതൻ കെ. വി. കൃഷ്ണനെ കണ്ടത്.

**ഞാൻ:** ഹാ! നല്ല അവസരത്തിലാണ് നിന്നെ കണ്ടത്.

**കൃ:** എന്തായിരുന്നു.

**ഞാൻ:** ഞാൻ കയ്യിൽ കാശില്ലാഞ്ഞിട്ട് കുഴങ്ങിയിരിക്കുന്നു. നാലുപുറത്തിൽനിന്നും കാക്ക കൊത്തുംപോലെ ഓരോരുവർ എന്നെ കൊത്തിപ്പറിക്കുന്നു. ആങ്കോലത്തു് അമ്മിണിക്ക് മേടിച്ചു കൊടുത്ത കമ്മലിന്റെ ബില്ലുകൊണ്ട് അഞ്ചാറു ദിവസമായി ഒരാൾ എന്റെ അടുക്കെ വന്നും പോയുംകൊണ്ട് ചാലിയന്റെ ഓടംപോലെ കളിക്കുന്നു. പുറപ്പാട് ബാക്കിക്ക് ജന്മിയുടെ കാര്യസ്ഥൻ വീട്ടിൽ പാട്ടു കിടക്കുന്നു. കൊടുപ്പാനുള്ളത് കൊടുത്തല്ലാതെ മേലാലൊന്നും കടം തരില്ലെന്ന് നമ്മുടെ ഷാപ്പുകാരൻ കേളപ്പനും ശഠിക്കുന്നു. പുല്ലാന്തിപ്പാഞ്ചാലി ഒരു കസവുചേലക്ക് പറഞ്ഞിട്ട് ദിവസം പത്തായി. ആകപ്പാടെ ഒരു ഇരുനൂററുപ്പിക കൂടാതെ കഴികയില്ല. ആ സഹായം ചെയ്‌വാൻ ഞാൻ നിന്നെയാണ് കണ്ടത്.

**കൃ:** നല്ല പുള്ളിയെത്തന്നെയാണ് കണ്ടത്.

**ഞാൻ:** അതെന്താ നിന്റെ കയ്യിൽ പണമില്ലെന്നോ? ആളുകളെ കളിയാക്കല്ല.

**കൃ:** തല്ക്കാലം നിങ്ങളെക്കാളും ഞാനാണ് പാപ്പര്.

**ഞാൻ:** അങ്ങിനെ വരാൻ പാടുണ്ടോ?

**കൃ:** എങ്ങിനെയാണ് വരാൻ പാടില്ലാത്തത്.

**ഞാൻ:** എടോ, നിങ്ങൾക്കൊക്കെ പണമുണ്ടായിട്ട് ഫലമില്ല. എന്നെപ്പോലെയുള്ള ലോകോപകാരികൾക്കാണ് പണം ഉണ്ടാകേണ്ടത്.

**കൃ:** എന്റെ വശം പണമുണ്ടായിരുന്നിട്ടുകൂടി എന്ന് ഞാനും പറയുന്നില്ല. തുണിസ്സാമാനം വാങ്ങിയ വകയിൽ 3,000 ക ഇന്നലെയാണ് ഞാൻ സേട്ടുവിന്ന് പുകിച്ചത്. അന്നുതന്നെ കല്ലൂണ്ടിയുടെ കല്യാണത്തിന്ന് 500 കയും സഹായിച്ചു. ഇപ്പോൾ തന്നെ ഒരു കുറിക്കാര്യത്തിൽ 35 കക്ക് ഒരാൾ വന്ന് തിടുക്കി. ഉറുപ്പിക മുഴുവൻ തികയാഞ്ഞിട്ട് കാമ്പ്രത്തു് കമ്മാരനോടാണ് രണ്ടുറുപ്പിക വാങ്ങിക്കൊടുത്തത്. ഇനി കൊപ്പരക്കാരൻ കുഞ്ഞോലൻ മാപ്പിള വന്നാൽ എന്തുപറയും എന്ന് പരുങ്ങിക്കളിക്കുകയാണ് ഞാൻ. എപ്പോഴും ഞാൻ സൂക്ഷിച്ചിരിക്കുന്നു. കയ്യിൽ കാശില്ലാതിരിക്കുമ്പോഴാണ് നിങ്ങൾ വല്ലതിന്നും വന്ന് ചോദിക്കുന്നത് എന്ന്.

**ഞാൻ:** ഈ കാര്യത്തിൽ നിന്റെ നാവൊ പണമൊ കുറ്റക്കാരൻ എന്ന് ആര് കണ്ടു?

**കൃ:** അയ്യൊ തെറ്റായിട്ടൊന്നും വിചാരിക്കരുതെ. പണമുണ്ടെങ്കിൽ ഞാൻ മടിയില്ലാതെ എടുത്തു് തരുന്നവനാണെന്ന് നിങ്ങൾക്കുതന്നെ നിശ്ചയമുള്ള കാര്യമല്ലെ.

**ഞാൻ:** ഹോ! ഇങ്ങിനെ ഒരു പരോപകാരിയെ ഞാൻ കണ്ടിട്ടില്ല. എനിക്ക് കേൾക്കേണ്ട.

**കൃ:** എന്നാൽ ചെവി പൊത്തിക്കളയൂ.

**ഞാൻ:** എനിക്ക് അദ്ധ്വാനിക്കാനൊന്നും കഴിയില്ല. ആരാണ് ആ പുസ്തകഷാപ്പിൽ കേറിച്ചെന്നത്.

**കൃ:** എന്ത് ആളെ മനസ്സിലായില്ലെ. "ദൂരെപ്പോ" മനക്കൽ "പരിശുദ്ധൻ" നമ്പൂതിരിപ്പാടല്ലെ അത്, നിങ്ങളുടെ ജന്മി.

**ഞാൻ:** എന്റെ ജന്മി. ഇത്ര അഹന്തയും അസൂയയും കളവും ചതിയും ദ്രോഹവും ഉള്ള ഒരു തെമ്മാടിയെ ഞാൻ കണ്ടിട്ടില്ല.

**കൃ:** എന്നിട്ടെന്തുവേണം. കണക്കിലേറെ പണം കെട്ടിയിരിപ്പുള്ള ആളാണ്. ഏതെങ്കിലും കാര്യത്തിൽ വാശി പിടിച്ചാൽ അത് വെള്ളംപോലെ ചിലവാക്കാനും മടിയില്ല.

**ഞാൻ:** എന്നാൽ നമ്മളും ഒന്നങ്ങോട്ട് ചെല്ലുക. അദ്ദേഹം നീ പറയുമ്പോലെ വലിയ വാശിക്കാരനും ദുരഭിമാനിയുമാണ്. ഒരു സമയം നമുക്ക് വല്ലതും കിട്ടുമോ എന്നും ആലോചിക്കാമല്ലോ.

ഞങ്ങൾ രണ്ടാളും ഷാപ്പിൽ കയറിയപ്പോൾ എന്തൊ ഒരാലോചനയിൽ മുഴുകിക്കൊണ്ട് നമ്പൂരിപ്പാട്ട് ഒരു കസേലമേൽ ഇരിക്കുകയായിരുന്നു. ഞങ്ങൾ രണ്ടാളും ആ കുബേരനെ ഭക്തിയോടെ തൊഴുതു, മെല്ലെ ഒന്ന് മന്ദഹസിച്ചു, ഒരേടത്തൊതുങ്ങിനിന്നു.

**ഞാൻ:** തിരുമനസ്സിന്ന് ഒരു കുണ്ഠിതമെന്താണാവോ?

**നമ്പൂതിരിപ്പാട്ട്:** വിശേഷിച്ചൊന്നുമില്ല.

**കൃ:** അപ്പോൾ വല്ലതും ഒന്ന് ഉണ്ടെന്ന് വരുന്നല്ലൊ.

**ന:** ഇല്ലെന്നുമില്ല.

**ഞാ:** അടിയങ്ങൾക്കും ഒന്ന് കേൾക്കുന്നതിന്ന് വിരോധമുണ്ടോ?

**ന:** കേട്ടിട്ടെന്തു് ഫലം.

**ഞാൻ:** ഫലമുണ്ടാവില്ലെന്ന് അത്ര വേഗമൊന്നും തീർച്ചപ്പെടുത്തരുതെന്ന് ഉണർത്തിച്ചുകൊള്ളുന്നു.

**ന:** നിങ്ങൾ ഡിപ്യൂട്ടി കലക്റ്റർ കമ്മാരൻനായരെ അറിയുമോ. ആ വഷളനെ അറിയാത്തവർ ദുർല്ലഭമാണ്.

**ഞാ:** നല്ലവണ്ണം അറിയും.

**ന:** അവന്റെ കോടതിയിൽ ഇന്നാളൊരു ദിവസം നാം സാക്ഷിയായിപ്പോയിരുന്നു. ആ കഴുവേറി നമ്മെ അനാവശ്യമായി ഇശ്ശി ശകാരിച്ചു. നാം അന്ധാളിച്ചു. നമ്മെ ആരും ഇതിന്ന് മുമ്പ് ശകാരിച്ചിട്ടും ഇല്ല. ഒരു ശൂദ്രന്ന് ആ സ്വാതന്ത്ര്യം കിട്ടിയതും കൊടുത്തതും കലികാലവൈഭവം തന്നെ. അവന്റെ തറവാട്ടിൽ ജനിക്കുന്നവരൊക്കെ ഡിപ്യൂട്ടി കലക്റ്റർമാരായിരിക്കയില്ല. നമ്മുടെ തറവാട്ടിൽ ജനിക്കുന്നവരൊക്കെ ജന്മികളായിരിക്കും.

**ഞാൻ:** അദ്ദേഹത്തിന്ന് ആ മാതിരി നീചസ്വഭാവം സഹജമാണ്. തിരുമനസ്സിന്ന് ഒന്നും പകരം ഉണർത്തിച്ചില്ലായിരിക്കും.

**ന:** വഷള്, വഷള്, തിരുവിതാംകൂർ പൊന്ന് തമ്പുരാൻ തന്നെ നമ്മെ ബഹുമാനിക്കും. നാം ഇരിക്കുന്നേടത്തു് ഇരിക്കാൻ മടിക്കും. അങ്ങിനെയുള്ള നമ്മെയാണ് ഈ ശുംഭൻ നിന്ദിച്ചത്. നമുക്ക് വല്ലാതെ കോപം വന്നു.

**ഞാൻ:** എന്നിട്ടെന്തായാവോ.

**ന:** ആ കഴുവേറിയെപ്പറ്റി നമ്മുടെ അഭിപ്രായം ഉള്ളിൽതന്നെ ഒതുക്കി.

**കൃ:** ഇവിടുത്തെ ക്ഷമ അഭിനന്ദിക്കത്തക്കതന്നെ.

**ഞാൻ:** അതുകൊണ്ട് മതിയായില്ലല്ലോ.

**ന:** മാനനഷ്ടത്തിന്ന് വല്ല നമ്പറും അവന്റെ പേരിൽ നിലനില്ക്കുമോ എന്ന് നാം പല വക്കീൽമാരോടും അന്വേഷിച്ചു. ആ കൊശവൻ ഒരു ജഡ്ജിയുടെ നിലയിൽ പറഞ്ഞതാകകൊണ്ട് ഒരു നിവൃത്തിയുമില്ലെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. പിന്നെ നാമെന്തു് ചെയ്യും.

**കൃ:** ജഡ്ജിയുടെ നില വരുത്തിച്ചിട്ട് വന്ന നിലയല്ലെ. കാശിന്ന് കൊള്ളാത്തവർക്ക് ഉദ്യോഗം കിട്ടിയാൽ ഇങ്ങിനെയൊക്കെയായിരിക്കും.

**ന:** നിവൃത്തിയില്ലാത്ത കാര്യത്തിൽ നമുക്കടങ്ങുകയല്ലാതെ എന്തു് ഗതി.

**ഞാൻ:** എന്തു് ഈ അപമാനവും സഹിച്ച് വെറുതെ ഇരുന്ന് കളകയെന്നോ. ഇത് അടിയനുള്ളപ്പോൾ സമ്മതിക്കുകയില്ല. മാന്യന്മാരായ മഹത്തുക്കളെ കണ്ട തെമ്മാടികൾ എന്തെങ്കിലും നിന്ദിക്കയൊ.

**ന:** അതൊക്കെശ്ശരി. ഈ കാര്യത്തിൽ തനിക്കെന്തു് ചെയ്‌വാൻ സാധിക്കും.

**ഞാൻ:** അടിയനോട് തിരുമനസ്സൊന്ന് കല്പിച്ചാൽ മതി. അടിയൻ തിരുമനസ്സ് കേൾക്കേ അദ്ദേഹത്തെച്ചെന്ന് ശകാരിക്കും. എന്നിട്ട് അദ്ദേഹത്തെക്കൊണ്ട് തിരുമനസ്സോട് മാപ്പ് ചോദിപ്പിക്കും.

**ന:** താനെന്തൊക്കയൊ പറയുന്നു.

**ഞാൻ:** തിരുമനസ്സിന്ന് അടിയനെ നല്ലവണ്ണം അറിയാഞ്ഞിട്ടാണ്.

**ന:** അറിഞ്ഞിട്ടെന്തു് കാര്യം.

**ഞാൻ:** അങ്ങിനെ അരുളിച്ചെയ്യരുത്. തിരുമനസ്സിലെ യോഗ്യതയും പദവിയും അടിയനറിയുംപോലെ ആരും അറിയില്ല. തിരുമനസ്സിലേക്ക് വേണ്ടി മരിക്കാനും കൂടി അടിയനൊരുക്കമാണല്ലൊ. അങ്ങിനെയിരിക്കെ അദ്ദേഹത്തെ ചെന്ന് ശകാരിക്കുന്നതും അദ്ദേഹത്തെക്കൊണ്ട് തിരുമനസ്സോട് മാപ്പുചോദിപ്പിക്കുന്നതും അടിയന്ന് വലിയ കാര്യമാണൊ.

**കൃ:** ഇവിടുത്തേക്ക് യാതൊരു വിശ്വാസക്കേടും വേണ്ട.

**ഞാൻ:** അടിയനോടൊന്ന് കല്പിക്കയേ വേണ്ടൂ.

**ന:** താനാളൊരു രസികനാണ്. താൻ പറയും പ്രകാരം ചെയ്താൽ നമ്മുടെ ഖേദം തീർന്നുപോകുമായിരുന്നു. ഒരു വലിയ കുണ്ഠിതം നമ്മുടെ മനസ്സിൽനിന്ന് പോയ്പ്പോയപോലെയിരിക്കും. തന്നെ ഞാൻ ഒരിക്കലും മറക്കില്ല.

**ഞാൻ:** അയ്യൊ അടിയൻ ഒരു കാശിന്നും ഗതിയില്ലാത്തവനാണെ. തിരുമനസ്സിലെ കാലാധാരമേ അടിയനുള്ളൂ.

**ന:** ആട്ടെ സമ്മതിച്ചു. താൻ പറയും പ്രകാരം നടത്തിയാൽ ഞാൻ തനിക്ക് മുന്നൂറുറുപ്പിക സംഭാവന ചെയ്‌വാനൊരുക്കമാണ്. നാം വാക്കുമാറി ഒരിക്കലും നടക്കുകയില്ല.

**ഞാൻ:** തിരുമനസ്സിന്ന് എന്തു് തന്നാലും അടിയൻ വാങ്ങാനൊരുക്കമാണ്. ആ കഴുവേറിയെ ഒന്ന് പകരത്തിന്ന് പകരം ശകാരിക്കാഞ്ഞിട്ട് അടിയന്ന് നിർത്തം കൊള്ളുന്നില്ല. ഈശ്വരനെപ്പോലെ ഇരിക്കുന്ന തിരുമനസ്സിനെശകാരിച്ചിട്ട് പകരം ചോദിപ്പാനാളില്ലെന്നോ? അവനത്ര വമ്പനായിട്ടില്ല. തിരുമനസ്സിലേക്ക് അടിയങ്ങളെപ്പോലെ ചില ദാസന്മാരുണ്ടായിരിക്കുമ്പോൾ അല്പം പോലും വിഷാദിപ്പാനിടവരുത്തുമോ? എഴുന്നെള്ളണം ഇപ്പോൾ തന്നെ എഴുന്നള്ളണം.

കെ. വി. കൃഷ്ണനേയും നമ്പൂതിരിപ്പാടിനേയും കൂട്ടി ഞാൻ ഡിപ്യൂട്ടികലക്റ്ററുടെ വീട്ടിലേക്ക് നടന്നു. എന്റെ ശുഷ്കാന്തിയും ചുണയും കൂസലില്ലായ്മയും കണ്ടപ്പോൾ ഇവരാരും ഒന്നിച്ചുവരാൻ മടിച്ചില്ല. ഡിപ്യൂട്ടി കലക്റ്ററും ഞാനും പണ്ട് സഹപാഠികളായിരുന്നു. ഇദ്ദേഹം ആളൊരു സാധുവും സാത്വികനമായിരുന്നു. എന്നാൽ കോടതിയിൽ വരുമ്പോൾ പ്രകൃതം ഒന്ന് മാറ്റി അറിഞ്ഞുകൊണ്ട് ഒരു ഘനവും കോപവും നടിക്കുന്നത് ഒരു വലിയ അവസ്ഥയാണെന്ന് വിചാരിച്ചുവരുന്ന ആളാണ്. അതുകൊണ്ട് ചില അബദ്ധം പിണഞ്ഞെന്ന് വരാമെങ്കിലും, വീട്ടിൽ ചെന്നാൽ അദ്ദേഹം തന്റെ അതിഥികളുടെ വെറും ദാസനാണ്. ഈ സ്വഭാവം ഞാൻ നല്ലവണ്ണം അറിഞ്ഞതുകൊണ്ട് നമ്പൂതിരിപ്പാടിന്റെ കണ്ണിൽ പൊടിയിട്ട്, സമ്മാനം വാങ്ങാൻ ഒരുപായം ഞാനുടനെ കണ്ടുപിടിച്ച് കഴിഞ്ഞിരുന്നു. എന്റെ പുറപ്പാടിന്റെ ഉറപ്പ് കാണിപ്പാൻവേണ്ടി, പോകുംവഴിക്ക് ഞാൻ കൃഷ്ണന്റെ മടക്ക കത്തി വാങ്ങി, തുറന്ന്, മൂർച്ച നോക്കി, അപ്പാട് തന്നെ കീശയിലിട്ടു. "അത്രത്തോളം സാഹസത്തിന്ന് പോകരുതേ" എന്ന് നമ്പൂതിരിപ്പാട്ട് പറഞ്ഞപ്പോൾ ഞാൻ ഒന്ന് മന്ദഹസിച്ചതേ ഉള്ളൂ.

ഡിപ്യൂട്ടികലക്റ്ററുടെ വീട്ടിൽ എത്തിയപ്പോൾ തെക്കിനി മാളികയുടെ ചുവട്ടിൽ യഥായോഗ്യം നമ്പൂതിരിപ്പാടിനേയും കൃഷ്ണനേയും ഇരുത്തി ഞാൻ കൂസലില്ലാതെ മാളികമേൽ കേറിച്ചെല്ലാൻ പുറപ്പെട്ടു. നമ്പൂതിരിപ്പാട്ടും കൃഷ്ണനും എന്നെ ഒന്നും തിരിയാത്ത അന്ധാളിപ്പോടെ നോക്കി. അവർ അത്യന്തം ചകിതന്മാരായിരുന്നു എന്ന് അവരുടെ വിളറിച്ചുപോയ മുഖം എന്നെ ബോദ്ധ്യപ്പെടുത്തി. "വിത്തിന്ന് നീർത്തുള്ളിയെന്നപോലെ" ഇതും എന്റെ ഉദ്ദേശത്തിന്ന് സഹായിയായി. "ഇവൻ എന്തൊക്കെയാണ് ലഹള ഉണ്ടാക്കിത്തീർക്കാൻ ഒരുമ്പെടുന്നത്. എല്ലാം കൂടി നമ്മെ പിന്നേയും അവതാളത്തിൽ ചാടിക്കുമോ. നമ്മളെ ഇവിടെ കാണുന്നതു തന്നെ അബദ്ധമായ്‌വരില്ലേ" എന്ന നമ്പൂതിരിപ്പാടിന്റെ വാക്കിന്ന് "ഇവിടുന്നൊട്ടും ഭയപ്പെടേണ്ട, അദ്ദേഹം ഇവിടുത്തോടൊരു തെറ്റ് ചെയ്യുകയുണ്ടാവില്ല" എന്ന കൃഷ്ണന്റെ മറുപടിയും ഞാൻ കോണി കയറുമ്പോൾ കേട്ടു. മുകളിൽ ചെന്നപ്പോൾ ഡിപ്യൂട്ടികലക്റ്റർ എന്തോ എഴുതുകയായിരുന്നു. ഉച്ചത്തിൽ പറയുമ്പോളല്ലാതെ മെല്ലെ പറയുമ്പോളൊന്നും ചോടെയിരിക്കുന്നവർക്ക് കേൾക്കാൻ പാടില്ലായിരുന്നു. ധൈര്യമുള്ളവന്ന് ദൈവവുംകൂടി അനുകൂലിയാണെന്ന് പറഞ്ഞപോലെ ഈ സംഗതിയും എനിക്ക് മറ്റൊരു സഹായിയായി. എന്നെക്കണ്ടപ്പോൾ ഡിപ്യൂട്ടികലക്റ്റർ എഴുത്തും നിർത്തി, ഒന്ന് മന്ദഹസിച്ച്, ഒരേടത്തു് ഇരിക്കാൻ പറഞ്ഞു.

**ഡി:** എന്താ വന്നത്.

**ഞാൻ:** എനിക്കൊരബദ്ധം പറ്റി അങ്ങുന്നേ! നിങ്ങളല്ലാതെ ഈ കുഴക്കിൽനിന്ന് എന്നെ രക്ഷിപ്പാനാരുമില്ല.

**ഡി:** എന്തബദ്ധം.

**ഞാൻ:** ഞാൻ ഒരു അവിവേകം പ്രവർത്തിച്ചു. നമ്മുടെ പൂർവ്വസ്നേഹം വിചാരിച്ച് നിങ്ങൾ എന്നെ രക്ഷിക്കണം.

**ഡി:** എന്നാൽ കഴിയുന്നതാണെങ്കിൽ നിശ്ചയമായിട്ടും രക്ഷിക്കും.

**ഞാൻ:** നിങ്ങൾ അങ്ങിനെ ചെയ്യുമെന്ന് എനിക്ക് നല്ല ഉറപ്പുണ്ടായിരുന്നു. അതുകൊണ്ട് തന്നെയാണ് ഇവിടെ വന്നത്.

**ഡി:** ആട്ടെ ഇനി കാര്യമെന്താണെന്ന് പറയൂ.

**ഞാൻ:** ദൂരപ്പോമനക്കൽ പരിശുദ്ധൻ നമ്പൂതിരിപ്പാടിനെ നിങ്ങൾ അറിയുമായിരിക്കും. ഇന്നാളൊരു ദിവസം നിങ്ങളുടെ കോടതിയിൽ ഒരു സാക്ഷിയായിരുന്നു. നിങ്ങൾ കാണാനിടയുണ്ട്. വലിയ ജന്മിയാണ്.

**ഡി:** കോടതിയിൽ അങ്ങിനെ എത്ര സാക്ഷികൾ വന്നും പോയ്ക്കൊണ്ടുമിരിക്കും. ഇതൊക്കെ ആർ ക്കോർമ്മവെക്കാൻ സാധിക്കും. ഇരിക്കട്ടെ ബാക്കി പറയൂ.

**ഞാൻ:** ഇദ്ദേഹം ഞങ്ങളുടെ ജന്മിയാണ്. വലിയ ധിക്കാരിയാണ്. കുടിയാന്മാരുടെ ചോര കുടിക്കുന്ന ഒരു മൂരി അട്ടയാണ്. ആരാന്റേതു് പിടിച്ചുപറിക്കുന്ന ചീപ്പുവരാനാണ്. ജാതിപ്പിശാചിന്റെ ബാധകൊണ്ട് ആളുടെ മേൽ പല്ലിളിച്ച് ചാടുന്ന ഒരു വ്യാഘ്രമാണ്. ചവിട്ടി പല്ലുകൊഴിക്കേണ്ടുന്ന വകയാണ്.

**ഡി:** ഒന്നാന്തരം വിശേഷണങ്ങൾ, പിന്നെ.

**ഞാൻ:** ഇയ്യിടെ ബാക്കി പാട്ടവുംകൊണ്ട് എന്റെ അനുജനെ ഞാൻ മനക്കലയച്ചിരുന്നു. രണ്ടുറുപ്പിക കുറവുണ്ടെന്ന് കണ്ടിട്ട് അയാൾ എന്തൊക്കെയാണ് കാട്ടിക്കൂട്ടിയത്. പണം എന്റെ അനുജന്റെ മുഖത്തു് വലിച്ചെറിഞ്ഞു. അവനെ പിടിപ്പതു് ശകാരിച്ചു. തല്ലിയാൽ അയിത്തമായിപ്പോകുമെന്നുവെച്ച് അവനെ ദൂരെ നിന്ന് കല്ലെടുത്തെറിഞ്ഞു. ഒരു നിസ്സാരകാര്യത്തിന്ന് ഒരാളുടെ അച്ഛനെയും അമ്മയെയും ഒക്കെ പറഞ്ഞാലോ? അനുജൻ മടങ്ങിവന്ന് വിവരം എന്നോട് പറഞ്ഞപ്പോൾ എനിക്ക് കണക്കിലേറെ കോപം വന്നു. ഇയ്യാളോട് ഒന്ന് പകരം ചോദിക്കാതെ വെറുതെ വിട്ടുകളയില്ലെന്ന് ഞാനുറപ്പാക്കി. അങ്ങിനെ ഇരിക്കുമ്പോൾ മിനിഞ്ഞാന്ന് ഞാൻ മിസ്റ്റർ രാരന്റെ പുസ്തകഷാപ്പിൽ ഇയ്യാളെ കണ്ടുമുട്ടി. വേദമോതേണ്ടുന്ന നാവ് ശകാരമോതാനുപയോഗിച്ച ദുർഭൃതത്തെ കണ്ടപ്പോൾ എനിക്ക് വന്ന ക്രോധം ഇത്രയാണെന്ന് പറഞ്ഞുകൂട. ഇപ്പോഴും എന്റെ ഉടൽ വിറക്കുന്നു. ഇന്നതാണ് പറഞ്ഞതെന്നൊന്നും ഇപ്പോൾ എനിക്ക് നല്ല രൂപമില്ല. എന്നെ കണ്ടിട്ട് ഇളിച്ചുകൊണ്ട് "എന്താ വന്നത്" എന്ന് ചോദിച്ചപ്പോൾ ഞാൻ പല്ലുംകടിച്ച് എത്രയോ ഉച്ചത്തിൽ ഇങ്ങിനെ പറഞ്ഞു. "എന്തിനാ വന്നത് എന്നോ? മാനമര്യാദയുള്ള ആളുകളെ എന്തും പറഞ്ഞ് ശകാരിച്ചുകളയാമെന്നോ വിചാരിച്ചിരുന്നത്. വലിയ ആളാണെന്ന നിലയൊക്കെ അവിടെ വെച്ചുകളയൂ. തെമ്മാടിത്തം പറഞ്ഞാൽ ചോദിപ്പാനാളുണ്ടാകയില്ലെന്ന് വിചാരിച്ചോ? ഉടനെതന്നെ മാപ്പ് ചോദിച്ചില്ലെങ്കിൽ തല്ലിപ്പല്ലൊന്നും ബാക്കിവെക്കില്ല. ഞാൻ പറയുമ്പോലെ ചെയ്തില്ലെങ്കിൽ കൊലക്കുറ്റം നടത്താനുംകൂടി ഞാൻ മടിക്കില്ല. ഈ കത്തി കണ്ടിരിക്കുന്നോ. കുറേ പണവും പദവിയുമുണ്ടെന്നുവെച്ച് വല്ല കഴുവേറികളും ധിക്കാരം കാണിച്ചാൽ ബാക്കിയുള്ളവർ അടങ്ങിക്കൂടണമെന്നോ? ഇതേതു് കോടതിയിലെ നിയമമാണ്. ആയുസ്സിൽ ആഗ്രഹമുണ്ടെങ്കിൽ ഉടനെതന്നെ മാപ്പ് ചോദിച്ചുകൊള്ളണം. അല്ലാതെ ഒരൊഴിവില്ല." (പിന്നെ വളരെ പതിഞ്ഞ സ്വരത്തിൽ) "എന്റെ അങ്ങുന്നേ! ഞാനിങ്ങിനെയൊക്കെ പറഞ്ഞുപോയപ്പോൾ ആളുകളും വളരെക്കൂടി. കുറെ കവിഞ്ഞുപോയെന്ന് എനിക്കും തോന്നി. എന്തിനുപറയുന്നു അയാൾ എന്റെ പേരിൽ സിവിലായും ക്രിമിനലായും നമ്പർ കൊടുപ്പാനൊരുങ്ങിയിട്ടുണ്ടത്രെ. അന്യായം കൊടുത്താൽ ഞാൻ കുടുങ്ങും. എന്നാലോ അയാൾക്ക് നിങ്ങൾ എന്ന് പറഞ്ഞാൽ ഒരു ദൈവമെന്നാണത്രെ ഭാവം. അത് ബഹുമാനമാണ്; അതുകൊണ്ട് എന്റെ സ്നേഹിതൻ കൃഷ്ണന്റെ ഉപദേശപ്രകാരം ഞാൻ അയാളെ ചുവട്ടിൽ കൊണ്ടുവന്നിരുത്തീട്ടുണ്ട്. നിങ്ങൾ ക്ഷണം ചോടെയിറങ്ങി എനിക്കുവേണ്ടി വെറും രണ്ട് വാക്ക് പറഞ്ഞാൽ മതി. നമ്പൂതിരിപ്പാടിനെ നോക്കി "കോപം കൊണ്ടറിയാതെ പറഞ്ഞു പോയതല്ലെ. ഒക്കെ ക്ഷമിച്ചുകളയിൻ" എന്ന് മാത്രം പറഞ്ഞു ഇങ്ങട്ട് പോരണം.

**ഡി:** അതിനെന്തുവിരോധം. ക്ഷണം ചോടെ ഇറങ്ങാമല്ലൊ.

ഞാനും ഡിപ്യൂട്ടിക്കലക്റ്ററും ഇറങ്ങിവരുമ്പോൾ ഞാൻ ശകാരിച്ചതു് ഡിപ്യൂട്ടിക്കലക്റ്ററെയാണെന്ന് തെറ്റിദ്ധരിച്ച് എന്തൊക്കെയാണ് വരാൻപോകുന്നതെന്ന് പേടിച്ച് വിറച്ചുകൊണ്ട് നമ്പൂതിരിപ്പാട്ടും കൃഷ്ണനും ഒരേടത്തു് നിർജ്ജീവന്മാരായി നിന്നിരുന്നു. ഡിപ്യൂട്ടികലക്റ്ററുടെ പിന്നാലെ ഇറങ്ങിയ ഞാൻ വളരെ ക്രോധിച്ചപോലെ കണ്ണുകൊണ്ടും മുഖംകൊണ്ടും ഒരുവക അഭിനയം തട്ടിമൂളിച്ചിരുന്നു. ഡിപ്യൂട്ടിക്കലക്റ്ററെ കണ്ട മാത്രയിൽതന്നെ നമ്പൂതിരിപ്പാട്ട് ഒന്ന് താണുതൊഴുതു. നമ്പൂതിരിപ്പാടിനെ നോക്കി ഡിപ്യൂട്ടിക്കലക്റ്റർ "എന്താണങ്ങുന്നേ! കോപം കൊണ്ട് പറഞ്ഞുപോയതല്ലെ, ആർക്കാണബദ്ധം വന്നുപോകാത്തത്. ഒക്കേ ക്ഷമിച്ചുകളയണം. മേലാലീമതിരി അബദ്ധം വരില്ല" എന്ന് പറയുന്നത് കേട്ടപ്പോൾ ആശ്ചര്യംകൊണ്ട് നമ്പൂതിരിപ്പാട്ടും കൃഷ്ണനും കണ്ണുമിഴിച്ചുപോയി. എല്ലാവർക്കും വേണ്ടി ഡിപ്യൂട്ടിക്കലക്റ്ററോട് ഞാൻ വിടവാങ്ങി, നമ്പൂതിരിപ്പാടോടും കൃഷ്ണനോടും കൂടെ മടങ്ങി പടിയിറങ്ങിയപ്പോൾ "തിരുമനസ്സോട് മാപ്പ് ചോദിക്കുന്നില്ലെന്നോ? അവനല്ല അവന്റെ വലിയച്ഛൻകൂടി തിരുമനസ്സോട് മാപ്പ് ചോദിക്കില്ലേ?" എന്ന എന്റെ വാക്ക് കേട്ടപ്പോൾ നമ്പൂതിരിപ്പാടിന്റെ ആശ്ചര്യത്തിന്ന് അളവും അറ്റവും ഉണ്ടായിരുന്നില്ല. "താൻ പുള്ളി ചില്ലറയല്ല. നമുക്കുവേണ്ടി ഇത്ര ധൈര്യപ്പെട്ടില്ലെ. താൻ അദ്ദേഹത്തെ കഠിനമായി ശകാരിക്കുന്നത് ഞങ്ങൾ രണ്ടുപേരും അസ്സലായിക്കേട്ടു. ഡിപ്യൂട്ടി കലക്റ്ററെ ശകാരിച്ച്, പേടിപ്പിച്ച്, നമ്മോട് മാപ്പും ചോദിപ്പിച്ചു എന്നത് ഒരു ചില്ലറ വിദ്യയല്ല. ആർക്കും അത്ര എളുപ്പത്തിൽ സാധിക്കുന്നതുമല്ല. മുന്നൂറിന്ന് പകരം ഇതാ അഞ്ഞൂറ്. നമ്മുടെ വകയായിരിക്കട്ടെ."

**ഞാൻ:** തിരുമനസ്സിലേക്കുവേണ്ടി, തിരുമനസ്സിലെ കുടിയാന്മാരായ ഞങ്ങളാൽ ചില ദാസന്മാർ എന്താണ് ചെയ്യാത്തത്.

എന്നും പറഞ്ഞ്, നമ്പൂതിരിപ്പാടിനെ ശകാരിച്ചതിന്ന് നമ്പൂതിരിപ്പാടോടുതന്നെ പണവും വാങ്ങി വളരെ ആദരവോടെ യാത്ര പറഞ്ഞു. ഒരു സുന്നയുടെ കുറവുകൂടി ഇല്ലായിരുന്നു എങ്കിൽ കുറേമുമ്പേ പാപ്പരായിരുന്ന എനിക്ക് അയ്യായിരപ്രഭു കർത്താവായിത്തന്നെ മടങ്ങാമായിരുന്നു.

# 2

# ചതിക്കു ചതി

## I

**ജാനി:** (ഭാര്യ) അല്ല! നിങ്ങൾ ഒരു വർത്തമാനം കേട്ടോ?

**കുമാരൻപിള്ള:** (ഭർത്താവ്) എന്താണത്?

**ജാ:** നിങ്ങൾ പൊൻതറ നാണിക്കുട്ടിയെ അറിയില്ലേ?

**കു:** കഴിഞ്ഞകൊല്ലം സ്കൂൾഫയനൽ പാസ്സായവളോ?

**ജാ:** അതേ.

**കു:** അവൾ നിന്റെ വലിയ ചങ്ങാതിയല്ലേ?

**ജാ:** അതേ. അതുകൊണ്ട് തന്നേയാണ് ഞാൻ പറയുന്നത്.

**കു:** എന്ത്?

**ജാ:** നാണിക്കുട്ടിയെ പണ്ടുപണ്ടെ പള്ളിച്ചിറത്തറവാട്ടിലെ രാമൻനായർ വിവാഹം കഴിക്കാമെന്ന് വെച്ചിരുന്നു. രണ്ടുകൂട്ടർക്കും അതിന് വിരോധവുമില്ലായിരുന്നു?

**കു:** ഇപ്പഴെന്താ അതിന്ന് വൈഷമ്യം?

**ജാ:** അതാണ് ഞാൻ പറയാൻ പോകുന്നത്. രാമൻ നായർ ബി. എൽ. പാസ്സായിട്ട് ഇന്നാളാണ് ഇവിടെ എത്തിയത്. അതിനിടയ്ക്ക് അദ്ദേഹത്തിന്റെ അമ്മാമൻ കോമൻനായരുടെ മകളുടെ ഭർത്താവ് പെട്ടെന്ന് ഒരു പനികൊണ്ട് മരിച്ചുപോയി. മന്ദാരത്തിന്നും നാണിക്കുട്ടിക്കും ഒരു വയസ്സാണ്.

**കു:** അതുകൊണ്ടെന്താ?

**ജാ:** കേൾക്കു പറയാം. പള്ളിച്ചിറക്കാർ വലിയ സ്വത്തുകാരൊന്നുമല്ല. ഇപ്പോഴത്തെ കാരണവർ കോമൻനായർക്ക് അച്ഛനാൽ കിട്ടിയ പത്തിരുപതിനായിരം ഉറുപ്പികയുടെ സ്വത്തുണ്ട്. അതിന്റെ ആദായംകൊണ്ടാണ് അദ്ദേഹം അനന്തിരവൻ രാമനായരെ ബി. എൽ. വരെ പഠിപ്പിച്ചത്.

**കു:** ഈ മാതിരി കാരണവന്മാർ ഇശ്ശി ഉണ്ടായിരുന്നാൽ നാട്ട് നന്നായിപ്പോകുമായിരുന്നു.

**ജാ:** അതെന്തെങ്കിലുമാകട്ടെ. തന്റെ മകളുടെ ഭർത്താവ് മരിച്ചതോടുകൂടി കോമൻനായരുടെ വിധമെന്ന് പകർന്നിരിക്കുന്നു. ഇപ്പോൾ അദ്ദേഹം ചെയ്തുപോയ വാഗ്ദത്തവും കൊടുത്തുപോയ ഉറപ്പും ഒക്കെ തെറ്റിക്കാനാണത്രെ ഭാവം.

**കു:** അതിനെന്ത് സംഗതി?

**ജാ:** സംഗതി മറ്റെന്തൊന്നാണ്! തന്റെ വിധവയായ മകളെ രാമൻനായർ കല്യാണം കഴിക്കണമെന്ന് കാരണവർ ശാഠ്യം പിടിക്കുന്നു. രാമൻ നായർക്ക് അതിന്ന് വഴിപ്പെടാതെയിരിപ്പാനും നിവൃത്തിയില്ല. തന്റെ പഠിപ്പിന്റെ ചിലവ് മുഴുവനും നടത്തിയത് കാരണവരുടെ സ്വന്തം പണംകൊണ്ടാണ്.

**കു:** അവിടെയാണ് വികടം പറ്റിയത്. ശരി, ശരി. മകളുടെ ഭർത്താവിന്ന് രാമൻനായരുടെ വിവാഹം കഴിഞ്ഞിട്ട് മരിച്ചാൽ പോരായിരുന്നോ? ഈ ദുർഘടസമയത്ത് മരിക്കേണ്ടിയിരുന്നോ?

**ജാ:** അതിപ്പോൾ പറഞ്ഞിട്ടെന്താണ് ഫലം? പോരാഞ്ഞിട്ട് രാമൻനായർക്ക് ഒന്ന് രണ്ടായിരം ഉറുപ്പിക കടം ഉണ്ടത്രേ. സുബ്ബൻ എന്ന അമ്പിപ്പട്ടരാണപോലും കടം കൊടുത്തത്. യഥാവസരം ഒരു നമ്പർ സ്വത്ത് വിറ്റിട്ട് ആ കടം വീട്ടാനും കോമൻനായർ ഏറ്റിരിക്കുന്നു. അതുകൊണ്ട് രാമൻ നായർക്ക് കാരണവരുടെ വാക്ക് നിരസിക്കാൻ ഒരു നിവൃത്തിയും ഉണ്ടായിരുന്നില്ല.

**കു:** ഒരു സ്ത്രീയെ വിവാഹം ചെയ്യാമെന്ന് വാഗ്ദത്തം ചെയ്ക; അതിന്ന് ഉറപ്പും കൊടുക്കുക; അവസാനം നേരെ തിരിഞ്ഞു മറ്റൊരുവളെ കൊണ്ടുവരിക— ഇതെന്ത് മര്യാദയാണ്? ഇതാർക്ക് പറ്റിയതാണ്?

**ജാ:** നാണിക്കുട്ടിക്ക് ഈ വർത്തമാനം കേട്ടിട്ട് വളരെ കുണ്ഠിതമുണ്ട്. അവൾ രാമൻനായരെ അത്ര അധികം സ്നേഹിച്ചുപോയിരുന്നു. കണ്ണീരും കയ്യുമായിട്ടാണ് കാലം കഴിക്കുന്നത്.

**കു:** മാന്യന്മാരെന്ന് വിചാരിക്കപ്പെടുന്നവർകൂടി ഇങ്ങിനെ വിശ്വാസവഞ്ചനക്ക് പുറപ്പെട്ടാൽ ബാക്കിയുള്ളവർ എന്തുചെയ്യും?

**ജാ:** അതുമാത്രമോ? ഒരു കൊല്ലത്തിന്നിടക്ക് അവളെ നാലഞ്ച് പോരുന്നവരായ പുരുഷന്മാർ അന്വേഷിച്ചു. രാമൻനായർക്ക് ഉറപ്പ് കൊടുത്തുപോയെന്നും പറഞ്ഞു അവരെയെല്ലാം മടക്കുകയാണ് ചെയ്തത്.

**കു:** ആ ചെറ്റയാണ് ഇപ്പോൾ തെറ്റുന്നത്. ഈ മാതിരിക്കാര്യത്തിലൊക്കെ കെട്ടിയിട്ടടിക്കേണ്ടതാണ്.

**ജാ:** നാട്ടുകാർ എന്താണ് വിചാരിക്കുക?

**കു:** എന്ത് വിചാരിക്കാനാണ്? കോമൻനായരും രാമൻനായരും ചെറ്റകളാണെന്ന് വിചാരിക്കുമായിരിക്കും.

**ജാ:** (പതുക്കെ) പിന്നെ ഒരു സ്വകാര്യവർത്തമാനവും നിങ്ങളോട് പറയട്ടെ. വിവാഹക്കാര്യത്തിൽ വാഗ്ദത്തവും ഉറപ്പും കൊടുത്തതോടുകൂടി രാമൻ നായർ പൂന്തറയിൽ ഒരു നിത്യനായി. പുതിയ പരിഷ്കാരവും മറ്റും അല്ലെ! ഇപ്പോൾ നാണിക്കുട്ടിക്കു—

**കു:** ആ വിവരം രാമൻനായരറിയുമോ?

**ജാ:** നാണിക്കുട്ടി എഴുതി അറിയിച്ചിട്ടുണ്ടെന്ന് എന്നോട് പറഞ്ഞു.

**കു:** എന്നിട്ടോ?

**ജാ:** അതിന്ന് മറുപടിയും അയച്ചില്ലത്രേ.

**കു:** ആ അധമനെ കുതിരച്ചമ്മട്ടികൊണ്ട് ബീക്കാനാളില്ലാഞ്ഞിട്ടാണ്.

**ജാ:** എന്നിട്ടെന്താ! നാണിക്കുട്ടിയുടെ മാനക്കേട് തീരുമോ?

**കു:** ഇനിയെന്ത് നിവൃത്തി? ഞാൻ ചെന്ന് കോമൻനായരെക്കണ്ട് സംസാരിച്ചാലോ?

**ജാ:** അതുകൊണ്ടൊന്നും ഫലമുണ്ടാകുമെന്ന് തോന്നുന്നില്ല. നിങ്ങളെക്കാൾ വലിയ കൂട്ടരൊക്കെ ശിപാർശ ചെയ്തുപോയി. എന്നിട്ടൊന്നും ഒരു ഗുണവുമുണ്ടായില്ല.

**കു:** മറ്റേക്കാര്യവും പറഞ്ഞിരുന്നോ?

**ജാ:** പറഞ്ഞു. എന്റെ അനന്തിരവൻ കുറ്റക്കാരനാണെങ്കിൽ അവനേക്കാൾ പതിന്മടങ്ങ് കുറ്റക്കാരി നാണിക്കുട്ടിയാണെന്ന് കാരണവർ പറഞ്ഞു.

**കു:** എന്തൊരു ധിക്കാരമാണ്! ആട്ടെ. നീ മിണ്ടാതിരിക്കു. ഞാനൊരു നിവൃത്തികാണാം. വാച്ചാലി കൃഷ്ണപ്പിള്ളയുടെ ഒത്താശ മാത്രംമതി. അദ്ദേഹം എനിക്കുവേണ്ടി എന്തും ചെയ്യും.

## II

**സുബ്ബൻ എന്ന അമ്പിപ്പട്ടർ:** എന്താ, പിള്ളേ വന്നത്?

**കുമാരൻപിള്ള:** സ്വാമിയെക്കണ്ടിട്ട് ഒരു കാര്യം പറവാൻ.

**സു:** അടിയന്തിരക്കാര്യമാണോ?

**കു:** വളരെ അടിയന്തിരക്കാര്യം തന്നെ.

**സു:** എന്താണത്?

**കു:** പള്ളിച്ചിറ രാമൻനായർ നിങ്ങൾക്ക് കുറേ പണം തരാനില്ലേ?

**സു:** ഉണ്ട്.

**കു:** എന്നാൽ ആ കള്ളപ്പുള്ളി നിങ്ങളെ ചതിക്കാനാണ് വട്ടം.

**സു:** അദ്ദേഹത്തിന്റെ സ്വഹസ്താക്ഷരത്തിലുള്ള പ്രോനോട്ട് എന്റെ കയ്യിലിരിപ്പുണ്ടല്ലോ.

**കു:** അതുകൊണ്ടൊന്നും ഫലമില്ല.

**സു:** എന്തുകൊണ്ട്? കാരണം കേൾക്കട്ടെ.

**കു:** നമ്മുടെ രാമൻനായർ പൂന്തറ നാണിക്കുട്ടിയെ വിവാഹം ചെയ്വാനാണ് ഏർപ്പാട് ചെയ്തിരുന്നത്. അതിന്ന് കാരണവർ ഇപ്പോൾ മുടക്കം പറയുന്നു. രാമൻ നായർക്കാണെങ്കിൽ നാണിക്കുട്ടിയെ ഒഴിച്ച് ലോകത്തിൽ മറ്റൊരുത്തിയെവേണ്ടത്രേ.

**സു:** എന്നിട്ട്?

**കു:** അയാൾ ആരും അറിയാതെ രാജ്യംവിട്ട് പോവാനാണത്രേ ഭാവം. ബർമ്മയിലൊ പെനാങ്കിലോ എത്തിപ്പോയാൽ നിങ്ങളുടെ പണം വെറുതെ പോകും.

**സു:** ഇതാണോ കണ്ടത്! ആ കള്ളനെ ഞാൻ പഠിപ്പിക്കാതെ വിടില്ല. എത്ര കെഞ്ചീട്ടാണ് ഞാൻ അവന്ന് ധൈര്യപ്പെട്ട് പണംകൊടുത്തത്. എന്നിട്ടുകൂടി അവന്റെ നന്ദികേട് നോക്കു!

**കു:** ആ കള്ളപ്പുള്ളിയെ നിങ്ങൾ വെറുതെ വിടരുത്.

**സു:** ഞാൻ ഇന്നുതന്നെ നമ്പർ ഫയലാക്കും. ഒരു ഉടൻ വാറാണ്ടു പുറപ്പെടുവിക്കും. പിടിച്ച് കോടതിയിൽ കൊണ്ടുവരട്ടെ. രണ്ടായിരവും പലിശയും അത്ര വേഗമൊന്നും ഒരാൾക്ക് കിട്ടി എന്ന് വരില്ല.

**കു:** അതുതന്നെയാണ് വേണ്ടത്. ഒന്നാന്തരം ഏർപ്പാട് സ്വാമി.

**സു:** സ്നേഹിക്കുന്നവരെ എനിക്ക് വലിയ സ്നേഹമാണ്. തെറ്റിയാൽ എന്നെപ്പോലെ ഒരു ഗുരുത്വമില്ലാത്തവൻ ഭൂമിയിലുണ്ടാകയില്ല.

## III

പിറ്റേന്ന് രാവിലെ വാച്ചാലി കൃഷ്ണപിള്ള പള്ളിച്ചിറക്കലേക്ക് നടന്നു. ചെല്ലുമ്പോൾ കാരണവർ ഉമ്മറത്തെ ഒരു പുല്ലുപായിൽ ഇരുന്ന് അടുക്കെ നില്ക്കുന്ന രാമൻനായരോട് എന്തോ വിശേഷം പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. ചെന്ന ഉടനെ കാരണവരുടെ ആജ്ഞപ്രകാരം ചുവപ്പും വെളുപ്പും നിറംകൊണ്ട് മണിപ്രവാളംപോലെ വിളങ്ങുന്ന ഒരു പുല്ലുപായയിൽ ഇരുന്നു.

**കാരണവർ:** എന്താ പിള്ളേ! പുലരുമ്പോൾ തന്നെ വന്നത്.

**കൃ:** ഞാനൊരു വല്ലാത്ത വർത്തമാനം കേട്ടു.

**കാ:** എന്താണത്?

**കൃ:** നമ്മുടെ സുബ്ബൻപട്ടരില്ലേ? ഇത്ര അസത്ത് പട്ടരെ ഞാൻ കണ്ടിട്ടില്ല. മഹാ ചതിയനാണ്.

**കാ:** എന്താ? നിങ്ങൾക്ക് വല്ലതും പറ്റിയോ?

**കൃ:** എന്റെ ചങ്ങാതിക്ക് പറ്റുന്നത് എനിക്ക് പറ്റുംപോലെയല്ലെ?

**കാ:** ആർക്കാണ് പറ്റിയത്?

**കൃ:** ഈ രാമൻനായരെ അല്ലേ അയാൾ പറ്റിച്ചത്. ബി. ഏ., ബി. എൽ. ജയിച്ച ഒരാളെ കുറവാക്കണം എന്ന വിചാരം മാത്രമേ അദ്ദേഹത്തിന്നുണ്ടായിട്ടുള്ളു.

**കാ:** എനിക്ക് മനസ്സിലായില്ല.

**കൃ:** രണ്ടായിരം ഉറുപ്പികക്ക് നമ്പർ കൊടുത്തു. ഉടൻ വാറണ്ടു ഇന്ന് പുറപ്പെടും.

**കാ:** എന്താണ് പിള്ളേ, നിവൃത്തി?

**കൃ:** കോടതിയിൽ എത്തിയാൽ ജാമ്യംകൊടുപ്പാനിട ചോദിക്കണം.

**കാ:** ജാമ്യത്തിന്നു സ്വത്തില്ലാഞ്ഞിട്ടൊന്നുമല്ല. മാനക്കേടു വരുന്നുണ്ടല്ലോ. ഒന്നാമതുശിപായി രാമനെ വാറണ്ടിൽ പിടിച്ചു കോടതിയിൽ കൊണ്ടുപോയി എന്നൊരു മാനഹാനി. ഇനി ഞാൻ ജാമ്യത്തിന്നു വിട്ടുവിക്കാൻ നോക്കിയാൽ തന്നെ, അതിന്നു ഒരാധാരം എഴുതണം. ആ ആധാരപ്രകാരം ജാമ്യം മതിയോ എന്നു അധികാരി പരിശോധിക്കണം. ആ റിപ്പോട്ടൊക്കെ വരുമ്പോഴക്കു അഞ്ചു പത്തുദിവസം കഴിയും. ആ കാലമൊക്കെ രാമൻ ശിപായിമാരുടെ ബന്തോവസ്സിൽ കിടക്കേണ്ടേ? അതെന്തൊരു പോരായ്മയാണ്.

**രാമൻനായർ:** പിള്ളതന്നെ ഇതിനൊരൊഴിവു കാണണം.

**കൃ:** ഇവിടെയുള്ള സകല പണക്കാരേയും പട്ടർ വിലക്കിയിരിക്കുന്നു. രാമൻനായരെ അപമാനിക്കാതെ വിടില്ലെന്നു വാശിപിടിച്ചു നില്ക്കുന്നുപോലും.

**രാ:** സ്വാമിയോടു ഞാൻ ഇത്ര വലിയ അപരാധമെന്തു ചെയ്തു?

**കൃ:** നീചന്മാർക്കു വല്ലതും ചെയ്യുന്നതിന്നു സംഗതി വേണോ?

**കാ:** ഈ കുടുക്കിൽ നിന്നു എങ്ങിനെ ഒഴിയുന്നു?

**രാ:** ഇക്കണക്കിന്നു പണം കൊടുക്കാതെ സ്വാമി വഴിപ്പെടുമെന്നു തോന്നുന്നില്ല.

**കാ:** ഇടതരുന്നതു പ്രയാസമായിരിക്കും. എന്താണ് പിള്ളേ, മിണ്ടാത്തത്? പണം ഇപ്പോൾ എവിടുന്നു കിട്ടും?

**രാ:** പിള്ള എങ്ങിനേയെങ്കിലും എന്നെ രക്ഷപ്പെടുത്തിത്തരണം.

**കൃ:** (ആലോചിച്ചിട്ട്) പൂഴിത്തറൊത്തു പത്മനാഭൻ നായരുടെ വശം പണം കാണണം. ഞാൻ നിങ്ങളുടെ വിവരം പറഞ്ഞാൽ അയാൾ സഹായിക്കാതിരിക്കില്ല.

**കാ:** എന്നാൽ നമുക്കു മൂന്നാൾക്കും ക്ഷണം പുറപ്പെടാം. പതിനൊന്നു മണിക്കുള്ളിൽ കാര്യം തീരണം.

## IV

"ഇവർ പള്ളിചിറക്കൽ കാരണവൻ കോമൻനായരാണ്. ഇദ്ദേഹം അനന്തിരവൻ രാമൻനായരാണ്. ബി. ഏ., ബി. എൽ. ആണ്" എന്നായിരുന്നു കൃഷ്ണപിള്ള പത്മനാഭൻനായരോടു ഇവരെ കൂട്ടിക്കൊണ്ടുപോയി പറഞ്ഞത്.

**പത്മനാഭൻനായർ:** ഓ! ഇവരേപ്പറ്റി കേട്ടറിവുണ്ട്. കണ്ടു പരിചയമില്ലെന്നേ ഉള്ളു. എന്താണിങ്ങിനെ പുറപ്പെട്ടത്?

**കൃ:** അത്യാവശ്യമായ ഒരു കാര്യത്തിന്നു പുറപ്പെട്ടതാണ്. ഇവർക്ക് രണ്ടായിരം ഉറുപ്പികയുടെ തിട്ടക്കം നേരിട്ടിരിക്കുന്നു. അതൊന്നു ഒപ്പിച്ചുകൊടുക്കണം.

**പ:** അല്ലാ! നടാടേ വന്നു ചോദിച്ചിട്ടു തൊടാനൊരു കാശില്ലാതായ്പോയല്ലോ!

**കൃ:** അതുമാത്രം പറയരുത്. വല്ല പ്രകാരത്തിലെങ്കിലും അതു സാധിപ്പിച്ചു കൊടുക്കണം. കാര്യം അത്ര അടിയന്തരമാണ്.

**പ:** മിനിഞ്ഞാന്നാണ്, കോടതിയിൽ കെട്ടിവെക്കാനാണെന്നും പറഞ്ഞു. നമ്മുടെ ഉഴുത്രവാരിയർ ഇവിടെ ഉണ്ടായിരുന്ന പണം മുഴുവൻ കൊണ്ടുപോയത്.

**കൃ:** എന്തു പറഞ്ഞാലും ഞാൻ സമ്മതിക്കില്ല. എന്തെങ്കിലും ഒരു നിവൃത്തി ഉണ്ടാക്കിയേ കഴിയൂ.

**പ:** മൂന്നു ദിവസത്തെ ഇട തന്നാൽ നമുക്കു വല്ല പ്രകാരത്തിലും നിവൃത്തിയാക്കാം.

**കൃ:** മൂന്നു ദിവസം പോയിട്ടു മൂന്നു നിമിഷം കാക്കാൻ നിവൃത്തിയില്ല കാര്യം അത്ര അടിയന്തരമാണ്.

**പ:** എന്നാൽ നിങ്ങൾ ഒരു കാര്യം ചെയ്യു.

**കൃ:** അങ്ങിനെ പറയു: ഞാൻ അത്രത്തോളം ഇവരോടു ഉറപ്പു പറഞ്ഞുപോയി. ഇല്ല എന്നു പറയുന്നത് എനിക്കു വലിയ സങ്കടമായ്പോകുമായിരുന്നു.

**പ:** പണം ഇവിടെ ഇല്ലെന്നു പറഞ്ഞതു ശരിയാണ്. എന്നാൽ തല്ക്കാലം നിവൃത്തിയാക്കാൻ നോക്കാം.

**കൃ:** എങ്ങിനെ?

**പ:** ഇവിടെ മൂവ്വായിരം ഉറുപ്പികയുടെ പണ്ടങ്ങൾ ഉണ്ടു. അതു ഇവർ സ്വദേശി ബേങ്കിൽ വെച്ചിട്ടു പണം വാങ്ങി തല്ക്കാലാവശ്യം നിവൃത്തിക്കട്ടെ. എന്റെ ഉറപ്പിന്നു മൂവ്വായിരം ഉറുപ്പികക്കു ഒരു പ്രോനോട്ടു തന്നാൽ മതി. എന്നാൽ അവർക്കു, അവരുടെ പേരിൽ തന്നെ ആഭരണം പണയം വെക്കുകയും ചെയ്യാമല്ലോ?

**കൃ:** ധാരാളം മതി.

## V

പള്ളിച്ചിറത്തടവാട്ടിൽ കേറിച്ചെന്ന പോലീസ് ഇൻസ്പെക്ടരുടെ കൂടെ ഉണ്ടായിരുന്ന നാലഞ്ചാളുകളിൽ ഒരാൾ കുമാരൻപിള്ളയായിരുന്നു.

**ഇൻസ്പെക്ടർ:** (കോമൻനായരേയും, രാമൻനായരേയും നോക്കീട്ടു) നിങ്ങൾ പൂഴിത്തറോത്തു പത്മനാഭൻനായരോടു കുറെ ആഭരണങ്ങൾ വാങ്ങിയിരുന്നോ?

**കോ: നാ:** അതേ.

**ഇൻ:** അതു നിങ്ങൾ എന്തു ചെയ്തു?

**കോ: നാ:** അതു ഞങ്ങൾ സ്വദേശിബേങ്കിൽ പണയം വെച്ചു.

**ഇൻ:** കള്ളപ്പുള്ളികളേ! ഒരു കെട്ടുകല്യാണത്തിന്നു വേണ്ടിയാണെന്നും പറഞ്ഞു ആഭരണം വാങ്ങി. അതു ബേങ്കിൽ ചെന്നു പണയം വെക്കുകയോ? ഇതു എത്രവലിയ കുറ്റമാണെന്നു നിങ്ങക്കറിയാമോ? രണ്ടുകൊല്ലം കഠിനതടവും രണ്ടായിരം ഉറുപ്പിക പിഴയുമാണ് സമ്മാനം. നിങ്ങൾക്കി നീചബുദ്ധി എങ്ങിനെ തോന്നി?

**രാമൻനായർ:** കാര്യത്തിന്റെ വാസ്തവം അറിയാതെ ഇങ്ങിനെ പറയുന്നതു വലിയ കഷ്ടമാണ്. ഞങ്ങൾ ഉടമസ്ഥന്റെ അനുവാദപ്രകാരമാണ് പണയം വെച്ചത്, പോരാഞ്ഞിട്ടു ഇതിന്റെ ഉറപ്പിന്നുവേണ്ടി മൂവായിരം ഉറുപ്പികക്കു ഒരു പ്രോനോട്ടും എഴുതിക്കൊടുത്തിട്ടുണ്ട്.

**ഇൻ:** അങ്ങിനെയാണെങ്കിൽ പൂഴിത്തറോത്ത് പത്മനാഭനായരുടെ അന്യായത്തിന്നു സംഗതിയെന്ത്? ഒരു കെട്ടുകല്യാണത്തിന്നു കെട്ടാനാണെന്നും പറഞ്ഞു നിങ്ങൾ അദ്ദേഹത്തോടു വളരെ വില പിടിച്ച ചില ആഭരണങ്ങൾ വാങ്ങി എന്നും, മേടിച്ചുകൊണ്ടുപോകുമ്പോൾ വാച്ചാലി കൃഷ്ണപിള്ളയും കൂടെ ഉണ്ടായിരുന്നു എന്നും, അദ്ദേഹത്തിന്റെ ശുപാർശ പ്രകാരം നിങ്ങൾക്കു തന്നതാണെന്നും, പിറ്റേന്നുതന്നെ മടക്കിത്തരുമെന്നുള്ള നിശ്ചയത്താലാണ് അദ്ദേഹം പണ്ടങ്ങൾ തന്നതെന്നും, അതൊക്കെ പണയംവെച്ച വിവരം കിട്ടിയ ഉടനെ അദ്ദേഹം പോലീസ്സിൽ വന്നു അന്യായം ബോധിപ്പിച്ചതാണെന്നും മറ്റും സത്യത്തിന്മേൽ കയ്യീത്ത് തന്നിട്ടുണ്ടു.

**രാമൻനായർ:** അദ്ദേഹത്തിന്നു അങ്ങിനെ തോന്നിയതു എന്തുകൊണ്ടാണെന്നു ഞങ്ങൾ അറിയില്ല. വാച്ചാലി കൃഷ്ണപ്പിള്ളയെ വിസ്തരിച്ചാൽ നിങ്ങൾക്കു വാസ്തവം മനസ്സിലാകും. ഞങ്ങൾ കുറ്റക്കാരല്ലെന്നു തെളിയും.

**കോമൻനായർ:** അദ്ദേഹത്തിന്റെ പേർ പറയുമ്പോൾ അതാ അദ്ദേഹം വരുന്നു. ആവു നമുക്കു ജീവൻവെച്ചു. ഞങ്ങൾ ആദ്യം വല്ലാതെ ഭ്രമിച്ചുപോയി. ഇപ്പോൾ നിങ്ങൾക്കു നടന്ന വിവരങ്ങൾ എന്തെന്നു മനസ്സിലാക്കാമല്ലോ.

**ഇൻ:** ഞാൻ നിങ്ങളെ വിളിക്കാൻ ആളെ അയക്കാൻ പോകയായിരുന്നു. ഇപ്പോൾ വന്നതു നല്ല രാശിക്കായി. ഇവർ പത്മനാഭൻനായരോടു പണ്ടങ്ങൾ വാങ്ങുമ്പോൾ നിങ്ങൾ കൂടെ ഉണ്ടായിരുന്നോ?

**കൃഷ്ണപിള്ള:** ഉണ്ടായിരുന്നു. ഞാൻ പറഞ്ഞിട്ടാണ് കൊടുത്തതു.

**ഇൻ:** എന്താവശ്യത്തിന്നായിരുന്നു കൊടുത്തതു?

**കൃ:** അടിയന്തരത്തിന്നു പോകുന്ന പെണ്ണുങ്ങൾക്കു കെട്ടാനാണെന്നും, പിറ്റേന്നു രാവിലെ മടക്കിക്കൊണ്ടു വരാമെന്നും പറഞ്ഞിട്ടാണ് കൊടുത്തതു.

ഇതു കേട്ടപ്പോൾ കാരണവരുടെയും അനന്തിരവന്റെയും മുഖം കരിപോലെയായി. കൃഷ്ണപ്പിള്ള ഇങ്ങിനെ പറയുമെന്നു അവർ കരുതിയിരുന്നില്ല. അപ്പഴാണ് അവർക്കു അവരുടെ അപായസ്ഥിതി മനസ്സിലായതു.

**രാമൻനായർ:** കൃഷ്ണപിള്ളേ! നിങ്ങൾ തമാശ പറയരുതു പരമാർത്ഥം പറഞ്ഞു ഞങ്ങളെ രക്ഷിക്കിൻ.

**കൃ:** പരമാർത്ഥം പറഞ്ഞാൽ നിങ്ങൾ എങ്ങിനെ രക്ഷപ്പെടും? എന്നേയുംകൂടി നിങ്ങൾ കുറവാക്കിയില്ലെ? പത്മനാഭൻനായർ എന്നെ വിളിച്ചു ഒരു പറ്റി ശകാരിച്ചു. അതു കഴിഞ്ഞതോടുകൂടി ഞാൻ ഇങ്ങോട്ടോടി. ഇക്കാലത്തു എങ്ങിനെയാണ് ഇൻസ്പെക്ടരെ ആളുകളെ വിശ്വസിക്കുന്നതു! പോരെങ്കിൽ ഇദ്ദേഹം ഒരു ബി. എ., ബി. എൽ. ആണുപോലും.

**ഇൻ:** ഇവർ മൂവായിരം ഉറുപ്പികക്കു വല്ല പ്രോനോട്ടോ മറ്റൊ എഴുതിക്കൊടുത്തിരുന്നോ?

**കൃ:** പ്രോനോട്ടുമില്ല; നായിന്റെ വാലുമില്ല. ഞാൻ വരുന്ന വഴിക്കാണ് ഇവരുടെ കള്ളത്തരം മനസ്സിലായതു. സുബ്ബൻപട്ടർ രാമൻനായരുടെ പേരിൽ രണ്ടായിരത്തിൽ ചില്വാനം ഉറുപ്പികക്കു ഒരു വാറണ്ടു പുറപ്പെടുവിച്ചു. തല്ക്കാലം പണമില്ലാത്തതുകൊണ്ടു ഒരു അടിയന്തരത്തിനാണെന്നുള്ള നാട്യത്തിന്മേൽ, എന്നേയും കൂട്ടി പത്മനാഭൻനായരോടു പണ്ടങ്ങൾ വാങ്ങി അതു ആരും അറിയാതെ ബേങ്കിൽ കൊണ്ടുപോയി. പണയംവെച്ചു, പണംവാങ്ങി പട്ടരുടെ സൊല്ലനീക്കി. പത്മനാഭൻനായർ എന്റെ വലിയ മിത്രമായതുകൊണ്ടു രണ്ടുമൂന്നു ദിവസം കൊണ്ടൊന്നും പണ്ടങ്ങൾ ചോദിക്കില്ലെന്നുറപ്പാക്കി അതിനിടക്കു പറമ്പുവെച്ചു വേണ്ടുന്ന പണംവാങ്ങി പണ്ടങ്ങൾ വീണ്ടെടുത്തു പത്മനാഭൻ നായർക്കു കൊടുക്കാമല്ലോ. ഇതായിരുന്നു ഈ കള്ളന്മാർ വിചാരിച്ചിരുന്നതു.

**ഇൻ:** ശരിയാണ് കൃഷ്ണപ്പിള്ള പറഞ്ഞത്. യാതൊരാക്ഷേപവുമില്ല.

**രാമൻനായർ:** വിശ്വസിച്ചിട്ടാളുകൾ ചതിപ്പാൻ തുടങ്ങിയാൽ നാട്ടുകാരെങ്ങിനെ പൊറുക്കും!

**കുമാരൻപിള്ള:** ചതിയും വിശ്വാസവഞ്ചനയും നിങ്ങളിൽ നിന്നു പുറത്തുവന്നതാണു. നിങ്ങൾ ഒരു സാധുസ്ത്രീയെ ചതിച്ചില്ലെ? ചതിയും വഞ്ചനയും കൊണ്ടുനടന്നാൽ ഒരിക്കൽ കുടുങ്ങും എന്നു കരുതേണ്ടിയിരുന്നു.

**ഇൻ:** യാതൊരു ഒഴിച്ചലുമില്ലാതെ ക്രിമിനൽ കേസ്സിലാണ് നിങ്ങൾ കെണിഞ്ഞതു. നിങ്ങളുടെ പേരിലുള്ള തെളിവുകൾ കണ്ടാൽ കേസ്സ് ശിക്ഷിക്കാതിരിക്കയില്ല. എന്നാലും ഞാനൊന്നു പറയാം. കുമാരൻപിള്ള പറയുമ്പോലെ കേട്ടാൽ നിങ്ങൾക്കു ഞാൻ ഒരു നിവൃത്തി ഉണ്ടാക്കിത്തരാം.

**രാമൻനായർ:** അദ്ദേഹം പറയുമ്പോലെ കേൾപ്പാൻ ഞങ്ങൾ രണ്ടാളും ഒരുക്കമാണ്.

**കുമാരൻപിള്ള:** രാമൻനായർ അഞ്ചുദിവസത്തിനുള്ളിൽ നാണിക്കുട്ടിയെ വിവാഹം ചെയ്ക ഇതാണ് എന്റെ വിധി.

**ഇൻ:** ബാക്കികാര്യങ്ങളൊക്കെ ഞാൻ ഏറ്റു.

ബ്രഹ്മാസ്ത്രത്തിന്നു ബ്രഹ്മാസ്ത്രം. വിശ്വാസവഞ്ചനക്കു വിശ്വാസവഞ്ചന എന്നു കുമാരപിള്ളയും കൃഷ്ണപ്പിള്ളയും സമാധാനിച്ചു.

## — 3 —

# ഒരു പുതിയ വിദ്യ

## I

പറമ്പ് ഏകദേശം മുക്കാലേക്കറുണ്ട്. അതിന്റെ മദ്ധ്യത്തിൽ നില്ക്കുന്ന വീടു സുമാറ് രണ്ടായിരം ഉറുപ്പിക വിലക്കുള്ള മാളികയാണ്. ആ വീട്ടിൽ താമസിക്കുന്നത് ഇയ്യപ്പറമ്പിൽ ഉട്ടൂപ്പമാപ്പിളയും ഒരു ദാസിയും മാത്രമാണ്. വീടും പറമ്പും അതിന്റെ ജന്മി ദേവസ്സ അധികാരിയുടേതാണെങ്കിലും, ഏകദേശം മൂന്നൂറുറുപ്പിക വിലക്കുള്ള വീട്ടുസാമാനങ്ങളും, വീട്ടിന്റെ കിഴക്കേഭാഗത്ത് കാണുന്ന ചക്കും, അത് വലിക്കുന്ന ഇരുന്നൂറ ഉറുപ്പിക വിലക്കുള്ള കാളകളും ഉട്ടൂപ്പമാപ്പിളയുടെ സ്വന്തം വകയാണ്. വീട്ടിന്നു മാസം മാസം ഇരുപതുറുപ്പിക വാടക കൊടുത്തുവരുന്നുണ്ട്. ഇദ്ദേഹത്തിന്റെ ജോലി ചക്കാട്ടവും ജനദ്രോഹവുമാണ്. അടുത്ത ബന്ധുക്കളാരുമില്ലെന്നാണ് തോന്നുന്നത്. അകന്നവരോടു അകന്നിട്ടുതന്നെയാണ് നില്പ്. അധികാരിയുടെ വീട്ടിൽ താമസമാക്കീട്ട് ഇരുപതുകൊല്ലത്തോളമായി. തന്റെ വീട്ടിന്റെ ചുറ്റോടുചുറ്റുമുള്ള ഭൂമിയിൽ, തന്റെ മുപ്പത്തഞ്ചു വയസ്സിന്നിടക്ക് വിശ്വസ്ത ചങ്ങാതിയായിട്ടു ചാക്കിലോടത്തു ലോനപ്പൻമാപ്പിള മാത്രമേ ഉള്ളു. അത്ര ഉണ്ട് ഉട്ടൂപ്പമാപ്പിളയുടെ ശീലഗുണം!

ഒരു ദിവസം ലോനപ്പൻ മാപ്പിള വരുമ്പോൾ ഉട്ടൂപ്പമാപ്പിള തന്നോടുതന്നെ ഓരോന്നു പിറുപുറുത്തുകൊണ്ട്, കോലായിൽ കൂടെ അങ്ങട്ടും ഇങ്ങട്ടും കുട്ടിലിട്ട കുറക്കനെ പോലെ നടക്കുന്നതാണ് കണ്ടത്. വല്ലവരോടും, അനാവശ്യമായി, കഠിനമായ ശണ്ഠ തോന്നിയാൽ, അവരെ ഉപദ്രവിക്കുന്നതിന്നു മുമ്പായി ഉട്ടൂപ്പമാപ്പിള, തന്നെതന്നെ ഇങ്ങിനെ ദ്രോഹിക്ക പതിവാണെന്നു ലോനപ്പൻമാപ്പിളക്കു നല്ല നിശ്ചയമുണ്ട്. അതുകൊണ്ട് ലോനപ്പൻമാപ്പിളവന്നു കോലായിൽ കേറിയ ഉടനെ “അല്ലാ! ഇന്നു ശുണ്ഠി ആരോടാണു? കുറെ കലശലായി കാണുന്നല്ലോ” എന്നു ചോദിച്ചു.

**ഉട്ടൂപ്പ്:** (കണ്ണുരുട്ടിക്കൊണ്ടു) ലോനപ്പാ, ഞാൻ ഈ വീട്ടിൽ താമസിച്ചുതുടങ്ങിയിട്ടു ഇരുപതുകൊല്ലമായില്ലേ?

**ലോനപ്പൻ:** ആയിരിക്കും.

**ഉട്ടൂപ്പ്:** അതിനിടക്കു ഒരു കാശു വീട്ടുവാടക ഞാൻ ബാക്കിവെച്ചിട്ടുണ്ടോ?

**ലോനപ്പൻ:** ഇല്ലായിരിക്കും.

**ഉട്ടൂപ്പ്:** ഇതിന്റെ ജന്മി ആ നീചസ്സാത്താൻ—ആ അധികാരി ന്യായമായി ചെയ്തുതരേണ്ടുന്ന എത്ര റിപ്പേറുകളാണ്, ഞാൻ എന്റെ സ്വന്തം ചിലവിന്മേൽ ചെയ്തതെന്ന് നിണക്കു വല്ല വിവരമുണ്ടോ?

**ലോനപ്പൻ:** (തലചൊറിഞ്ഞിട്ടു) ചിലപ്പോളൊക്കെ നീ സത്യവും മര്യാദയും വിടാതെ നടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

**ഉട്ടൂപ്പ്:** (കോപത്തോടെ) പലപ്പോഴും നടക്കാൻ കഴിയാത്തതു ഈ മാതിരി നീചന്മാരുടെ കുടിയാനായിട്ടാണ്. ആ ജൂഡാസ് ഇസ്കറിയട്ട്, ആ ദേവസി അധികാരി ഇപ്പോൾ വീടും പറമ്പും വിറ്റു കളവാൻ ഭാവമുണ്ടത്രെ. പറമ്പ് വാങ്ങുന്ന ആൾ, എന്നെ ഒഴിപ്പിച്ചു വീട്ടിൽ താമസമാക്കാനാണുപോലും ഭാവം ഈ ഇരുപതുകൊല്ലം വാടക ബാക്കിവെക്കാതെ കയ്യിൽനിന്നു ചിലവാക്കിയ എന്നെ—ഇതു ഒരാൾക്കു കേൾക്കാൻ നന്നോ? ദേവസ്സിയെ ഞാൻ പഠിപ്പിക്കാതെ വിടില്ല.

**ലോനപ്പൻ:** ദേവസി അധികാരി പഠിപ്പാക്കെ പണ്ടേ മതിയാക്കിയിരിക്കുന്നു.

**ഉട്ടൂപ്പ്:** അവന്റെ പഠിപ്പ് പൂർത്തിയായിട്ടില്ല. അവൻ ഒരു ജന്മിയാണുപോലും. അവനെ ദ്രോഹിക്കാൻ ഞാൻ ഒരു പുതിയ വിദ്യ കണ്ടുപിടിച്ചിട്ടുണ്ടു.

**ലോനപ്പൻ:** എന്താണുപോലും ആ വിദ്യ?

**ഉട്ടൂപ്പ്:** നീ എന്റെ ചങ്ങാതിയാകകൊണ്ടു നിന്നോട്ട് ഞാൻ തുറന്നുപറയുന്നതാണ്. അവനെ ഞാൻ നഷ്ടപ്പെടുത്താതെ ഇരിക്കില്ല. അവന്റെ കണ്ണിൽ നിന്നു ഞാൻ ചോരത്തുള്ളി വീഴ്ത്തും.

**ലോനപ്പൻ:** എങ്ങിനെ എന്നു മനസ്സിലാവുന്നില്ല.

**ഉട്ടൂപ്പ്:** ഞാൻ ഇന്നുമുതല്ക്കു വാടക കൊടുക്കില്ല. ഞാൻ ഇന്നു മുതല്ക്കു വിറക് വാങ്ങില്ല. ഈ വീട്ടിന്റെ വാതിൽപൊളികളും കട്ടിലുകളും വെട്ടിക്കീറി, തീ കത്തിക്കുന്നുണ്ടു ഫലവൃക്ഷങ്ങൾ ഒക്കെ നശിപ്പിക്കുന്നുണ്ടു. എനിക്കു ആശാരിപ്പണിയും കുറെ ശീലമുള്ളതുകൊണ്ടു. ഞാൻ, ഇയ്യമ്പറമ്പിൽ ഉട്ടൂപ്പാണെങ്കിൽ ഇതൊക്കെ നിറവേറ്റാതിരിക്കില്ല. ഇതാണ് എന്റെ പുതിയ വിദ്യ.

**ലോനപ്പൻ:** വീട്ടുവാടകയും നഷ്ടവും അധികാരിക്കു അന്യായപ്പെട്ടു വസൂൽ ചെയ്തുകൂടെ?

**ഉട്ടൂപ്പ്:** എന്തു മണ്ണാക്കട്ടയിൽനിന്നു വസൂലാക്കും? അതിന്നും ഞാൻ വഴികണ്ടുവെച്ചുപോയി. ഇതാ ഇവിടെ എഴുതിയതു നോക്കു. എന്റെ സ്വന്തം വകയായിട്ടുള്ള വീട്ടുസാമാനങ്ങളും ചക്കും കാളകളും നിന്റെ സ്വന്തം വകയാണെന്നും, അതൊക്കെ മാസത്തിൽ പത്തുറുപ്പിക വാടകക്കു ഞാൻ നിന്നോടു ഏറ്റുവാങ്ങിയിരിക്കയാണെന്നും സ്ഥിരപ്പെടുത്തുന്ന ഒരു ആധാരമിതാ തെയ്യാറാക്കിക്കഴിഞ്ഞു. നമ്മുടെ വിദ്യ നമ്മൾ മാത്രമറിഞ്ഞാൽ മതി. ഇതാ, ഈ ആധാരം നീ തന്നെ സൂക്ഷിച്ചോ, ആ കള്ളൻ വല്ല സമയത്തും ജപ്തിക്കു വരുമ്പോൾ, നീ ഇതും എഴുന്നെള്ളിച്ചു, അവകാശവും പറഞ്ഞു തടസ്സം ചെയ്താൽ മതി.

**ലോനപ്പൻ:** നീ വലിയ ഉപായി തന്നെ!

**ഉട്ടൂപ്പ്:** ഉപായമില്ലെങ്കിൽ ഈ കാലത്തു കാക്ക കൊത്തിക്കൊണ്ടുപോകും ***ന്നും ആ കള്ളൻ ചിലവാക്കണ്ടേ! അങ്ങിനെയാണെങ്കിൽ ഞാൻ പോവാനൊരുക്കമാണ്.

ഇങ്ങിനെ അധികാരിയെ ഓരോന്നു അനാവശ്യമായി ശകാരിച്ചുകൊണ്ടിരിക്കെ, ലോനപ്പൻ മാപ്പിള ആധാരവും വാങ്ങി തന്റെ ജോലിക്കു പോയി.

## II

ഉറച്ചപോലെതന്നെ ഉട്ടൂപ്പ് മാപ്പിള ആ മാസം വാടക കൊടുത്തില്ല. മാസം പിന്നെയും ഒന്നു കഴിഞ്ഞു. അങ്ങിനെയിരിക്കുമ്പോൾ ചങ്ങാതി ലോനപ്പൻമാപ്പിള അവിടെ ചെന്നു. ഉട്ടൂപ്പ് മാപ്പിളയുടെ മുഖത്തു സ്ഫുരിച്ചതായ സന്തോഷവും തൃപ്തിയും കണ്ടപ്പോൾ ആ ദുഷ്ടൻ ഏതാണ്ടൊക്കെ അധികാരിയെ പറ്റി ചിരിക്കേണമെന്നു ലോനപ്പൻ മാപ്പിളക്കു തോന്നാതിരുന്നിട്ടില്ല. ഉട്ടൂപ്പ് മാപ്പിള അത്യന്തം സന്തോഷത്തോടെ വീട്ടിന്റെ കോലം തന്റെ ചങ്ങാതിക്കു കാണിച്ചു. ഉള്ളിലുള്ള മുറികളുടെ വാതിൽ പൊളികൾ—ഒന്നാന്തരം പുലാവിന്റെ പൊളികൾ—പറിച്ചെടുത്തു കൊത്തിക്കീറി, വിറകുപുരയിൽ ഇട്ടിരിക്കുന്നു. വാതിലിന്റെ പടികൾകൂടി പറിച്ചെടുത്തു, കഷണങ്ങളാക്കി, ചിലതു ഊണു പാകമാക്കാനുപയോഗിക്കുന്നതു് കണ്ടു. കഴുക്കോലുകളൊക്കെ ഭഗീരഥപ്രയത്നം ചെയ്തു ഉളികൊണ്ടുവെട്ടി, നീണ്ട പല്ലുള്ള ഈർച്ചവാളുകൾ പോലെ ആക്കിക്കഴിഞ്ഞിരിക്കുന്നു. ഓടുകൾ പലതും പൊട്ടിച്ചിരിക്കുന്നു. *** ആയിരത്തഞ്ഞൂറുറുപ്പികയുടെ നഷ്ടം ആ വീട്ടിന്നു വരുത്തിക്കഴിഞ്ഞിരിക്കുന്നു.

**ഉട്ടൂപ്പ്:** ഇതുകൊണ്ടൊന്നും ഉട്ടൂപ്പ് മതിയാക്കിയില്ല. ചുമരിന്മേൽനിന്നു കുമ്മായമൊക്കെ അടർത്തിത്തള്ളിയിടണം. മുകളിലെ പാക്കൊക്കെ പറിച്ചെടുത്തു ചുടണം. ഓടുകൾ ഇനിയും ധാരാളം പൊട്ടിച്ചു വീട്ടിന്റെ ഉള്ളിൽ മഴവെള്ളം കടത്തണം ഇനിയും ഒന്നു രണ്ടു മാസത്തെ പണിയുംകൂടി ഉണ്ടു. എന്നാലെ ഒരു വകയിൽ പൂർത്തിയായി എന്നു പറഞ്ഞുകൂടു.

**ലോനപ്പൻ:** വേഗം പൂർത്തിയാക്കിക്കൊള്ളു. അതിന്നുള്ളിൽ അറിഞ്ഞുപോയാൽ അന്യായം ഫയലാക്കുകയും കമീഷൻ നോക്കുകയും, മേലാൽ നഷ്ടം ചെയ്യുന്നതിന്നു നിരോധനകല്പന വിടുകയും ചെയ്യും.

**ഉട്ടൂപ്പ്:** നീ ഒന്നു രണ്ടുമാസം മിണ്ടാതിരുന്നാൽ മതി. പിന്നെ ഒക്കെ ഞാനായ്ക്കോളാം. ആ അധികപ്രസംഗി അധികാരി വരുമ്പോൾ ഞാൻ തന്നെ അവനെയും കൂട്ടി, വീടുകാണിക്കും. അവന്റെ മുഖം കാണുമ്പോൾ ഞാൻ ചിരിച്ചു മരിക്കേണ്ടതിന്നു നീ ഒരു മരുന്നാണെന്ന നാട്യത്തിന്മേൽ ഒരു ഡ്രാം റാക്കു എനിക്കു കുടിപ്പാൻ തരണം. അവന്റെ ചാട്ടവും നോട്ടവും ഞാൻ പുല്ലുവിലയാക്കും. പോയന്യായം കൊടുത്തോളാൻ പറയും. എനിക്കു നേരം പോക്കു വിചാരിച്ചിട്ട് ഇപ്പോൾതന്നെ ചിരി വരുന്നു.

**ലോനപ്പൻ:** അന്യായം കൊടുത്തിട്ടും ഫലമില്ല. നിന്റെ എളകുന്ന മുതലൊക്കെ എന്റേതാണെന്നല്ലെ വെച്ചിട്ടുള്ളതു? അതറിയുമ്പോഴാണ് അതിരസം.

**ഉട്ടൂപ്പ്:** ഹ! ഹ! ഹ! ഇയ്യപ്പറമ്പിൽ ഉട്ടൂപ്പോടു കളിച്ചാൽ അങ്ങിനെയാണ്. ഞാൻ മര്യാദക്കാരനാണെങ്കിലും തെറ്റിയാൽ വലിയ പോക്കിരിയാണ്. സുൽത്താനേയും കൂടി എനിക്കു പേടിയില്ല. ചുരുങ്ങിയാൽ ഒരു നാലായിരം ഉറുപ്പിക അവന്റേതു ഞാൻ പാറക്കു പായിക്കാതിരിക്കില്ല.

**ലോനപ്പൻ:** അധികാരിയുടെ പിശുക്കു വിചാരിക്കുമ്പോൾ അദ്ദേഹത്തിന്നു നെഞ്ഞത്ത് ഉണ്ട കൊണ്ടപ്പോലെ ഇരിക്കും.

**ഉട്ടൂപ്പ്:** അവനെ ഞാൻ പമ്പരം പോലെ തിരിക്കും നോക്കിക്കോ.

**ലോനപ്പൻ:** വരുമ്പോൾ കാണാം.

**ഉട്ടൂപ്പ്:** പിന്നെ അവൻ വാടകക്കു ഇതുവരെ വരാത്തതെന്താണെന്നു മനസ്സിലാകുന്നില്ല.

**ലോനപ്പൻ:** ഒരു സമയം ജോലിത്തിരക്കായിരിക്കും.

**ഉട്ടൂപ്പ്:** എനിക്കറിഞ്ഞുകൂടെ അവനെ? അവന്റെ തിരക്കൊക്കെ വാടക പിരിപ്പിക്കുന്ന തിരക്കാണ്.

**ലോനപ്പൻ:** ഒരു സമയം സുഖക്കേടായിരിക്കും.

**ഉട്ടൂപ്പ്:** അയ്യൊ, ഈ രസം കഴിയുംമുമ്പെ അവൻ കിടത്തത്തിലാകരുതെന്നാണ് എന്റെ പ്രാർത്ഥന. ഈ രസം കഴിഞ്ഞാൽ അവൻ കിടന്നാലും ശരി, മരിച്ചാലും ശരി, എല്ലാം കണക്കൊന്നു തന്നെ. എനിക്കു ആ വങ്കൻ ഇളിഭ്യനായി കണ്ണു മിഴിക്കുന്നതു കാണണം. അതു ഞാൻ ദൈവസഹായംകൊണ്ടു കാണുകയും ചെയ്യും. എനിക്കു ഒന്നു നല്ലവണ്ണം ചിരിക്കണം. ഗ്രാമഫോണിലെ ചിരിചിരിക്കണം. ചിരിച്ചു ചിരിച്ചു വീഴണം.

## III

നാലഞ്ചുമാസം കഴിഞ്ഞിട്ടു ലോനപ്പന്നു പിന്നേയും ഉട്ടൂപ്പ് മാപ്പിളയുടെ വീട്ടിൽ ചെന്നപ്പോൾ, ആ ധൂർത്തൻ വീടിന്നു പറഞ്ഞപോലെയുള്ള മാറ്റങ്ങൾ സകലം വരുത്തിക്കഴിഞ്ഞിരിക്കുന്നു. ജനവാതിലിന്റെ പൊളികൾകൂടി ബാക്കിവെച്ചിട്ടില്ല. ഇതൊന്നും പോരാഞ്ഞിട്ടു വാഴകളൊക്കെ പൊരിച്ചു വെറുതെ കൊടുത്തുകളഞ്ഞിരിക്കുന്നു. കുലക്കാറായ തെങ്ങിൻതൈകളൊക്കെ ഉണങ്ങിപ്പോവാൻതക്കവണ്ണം കടവെട്ടി, പെട്ടെന്നു വീണുപോകത്തക്കവണ്ണം നിർത്തിവെച്ചിരിക്കുന്നു. ഒന്നാംതരം പിലാവുകളുടെ വേരൊക്കെ വെട്ടി, ഒരു കാറ്റിന്നു വീണുപോവാൻതക്കവണ്ണം നിർത്തിയിരിക്കുന്നു. ഒട്ടുമാവുകളും കൂടി വെട്ടി വിറകാക്കിയിരിക്കുന്നു. ഇതൊന്നും പോരാഞ്ഞിട്ടു ഉട്ടൂപ്പമാപ്പിള മുകളിലെ വലിയ മുറിയിലേക്കു ലോനപ്പൻമാപ്പിളയെ വിളിച്ചുകൊണ്ടുപോയി. അവിടെ കണ്ട കഴ്ച ലോനപ്പൻമാപ്പിള മൂക്കിൽ കൈവെച്ചു പോവാൻതക്കവണ്ണം അത്ഭുതകരമായിരുന്നു.

**ഉട്ടൂപ്പ്:** ഇതൊക്കെ എന്താണെന്നു വിചാരിക്കുന്നു? വാളിന്റെ ഉറയൊന്നുമല്ല. ഈ പറമ്പിൽ കായ്ക്കുന്ന തെങ്ങുകൾ നൂറ്റമ്പതെണ്ണം ഉണ്ട്. ഓരോന്നിന്മേൽനിന്നു നന്നാല്കുലകണ്ടു മുറിച്ചെടുത്തു ആ അറുനൂറെണ്ണവും ഇവിടെക്കൊണ്ടുവന്നു കൂട്ടിയതാണ്. ഇതൊക്കെ അധികാരിയുടെ മേലാലത്തെ നാളികേരമാണ്. ഹി! ഹി! ഹി! ഇതു കാണുമ്പോൾ അയാളുടെ കോലമെന്തായിരിക്കും! ജെയിലിൽ പോകനൊരുങ്ങിയ എന്നോടു എവിടുന്നു വസൂലാക്കും?

**ലോനപ്പൻ:** നിന്റെ ധൈര്യം വല്ലാത്ത ധൈര്യം! ഇങ്ങിനെ ഒക്കെ ചെയ്‌വാനുറച്ചല്ലൊ.

**ഉട്ടൂപ്പ്:** ഇങ്ങിനെ ഒക്കെ ചെയ്യാലെ ഈ വകക്കാർക്കു ഒരു പാഠമാകയുള്ളു. കയ്യും നീട്ടി വാടകക്കു വന്നാൽ പോര. അല്പം സാരമായി വീടും മറ്റും നന്നാക്കണം. വാടകകൊടുക്കുന്നതിന്നു പുറമെ, വീട്ടിൽ താമസിക്കുന്നവർ വീടും നന്നാക്കണമെന്നു പറയുന്നതു കഷ്ടമല്ലേ? എന്നെക്കൊണ്ടെങ്കിലും ഇവന്റെ ബാക്കി കുടിയാന്മാർക്കു നന്മ വരട്ടെ. ഇവനെ ഇങ്ങിനെയാണ് വെള്ളം കുടിപ്പിക്കേണ്ടതു്.

പിന്നേയും മാസം ഒന്നു കഴിഞ്ഞു. ലോനപ്പൻമാപ്പിള തന്റെ ഗ്രഹചാരം ശമിപ്പിക്കുവാനുള്ള ഓരോ മാർഗ്ഗങ്ങളും വിവരിക്കുമ്പോൾ, ഉട്ടൂപ്പ് മാപ്പിള ബദ്ധപ്പെട്ടു വരുന്നതു കണ്ടു.

**ഉട്ടൂപ്പ്:** ആറുമാസമായിട്ടും ആ പിശുക്കൻ വാടകക്കുവരാത്തതെന്തായിരിക്കും എന്നു വിചാരിക്കുമ്പോൾ അവന്റെ കാര്യസ്ഥാൻ ഇതാ ഒരു കത്തുംകൊണ്ടു വന്നിരിക്കുന്നു.

**ലോനപ്പൻ:** എന്തിനാണ് വാടകക്കൊ?

**ഉട്ടൂപ്പ്:** അവനും തോമാസ്സ് വക്കീലും നാളെ രാവിലെ വരുന്നുണ്ടെന്നും ഞാൻ അവരെ കാത്തിരിക്കേണമെന്നുമാണ് കത്തിന്റെ താല്പര്യം. നോക്ക് ഞാനല്ലെ, കാത്തിരിക്കാത്തവൻ! എത്രനാളായി ഈ ഒരു അവസരത്തിന്നു കാത്തിരിക്കുന്നു.

**ലോനപ്പൻ:** വക്കീലും കൂടെ വരുന്നതെന്തിനായിരിക്കും?

**ഉട്ടൂപ്പ്:** എന്തു മണ്ണാങ്കട്ടക്കെങ്കിലുമാവട്ടെ. നാളെ രാവിലെ ലോനപ്പനും കൂടി വരണം. നാളെയാണ് രസം! രസത്തിൽ രസം!!

**ലോനപ്പൻ:** വാടക ചോദിപ്പാൻ വക്കീലെന്തിനാണ്!

**ഉട്ടൂപ്പ്:** ഓഹോ! വക്കീലുകൂടെ വരുന്നതു എന്തിനായിരിക്കുമെന്നു തിരിഞ്ഞൊ? വീട്ടിന്നും പറമ്പിന്നും വില കെട്ടുവാനായിരിക്കും. പതിനായിരത്തിന്നുണ്ടെന്നു വിചാരിക്കുന്ന വീടും പറമ്പും ഇപ്പോൾ രണ്ടായിരത്തിന്നെടുക്കുന്ന ആളെ കാണട്ടെ. ഹി! ഹി! ഹി! വ്യസനം കൊണ്ട് അധികാരിയും നേരമ്പോക്കുകൊണ്ടു ഞാനും നാളെ ബോധം കെടും, സംശയമില്ല. എന്റെ ഇഷ്ടാ, നീ വരാൻ വിട്ടുപോകരുതേ?

**ലോനപ്പൻ:** എന്നെ വിളിച്ചില്ലെങ്കിലുംകൂടി ഞാൻ വരില്ലെ? ഈ താമാശയല്ലെ കാണേണ്ടതു്.

## IV

**ഉട്ടൂപ്പ്:** അതാ, അവർതന്നെയാണ് വരുന്നതു്. അധികാരിയും വക്കീലും.

**ലോനപ്പൻ:** കയ്യിൽ ചില കടലാസ്സും ഉണ്ടു.

**ഉട്ടൂപ്പ്:** പതിനായിരത്തിന്റെ പറമ്പു രണ്ടായിരത്തിനില്ലെന്നു പറയുമ്പോൾ അധികാരിയുടെ മണ്ടകായില്ലേ? ആരാന്റെ മുതൽ തിന്നിട്ടു പൊന്തിയ ആ കമ്പ കലിങ്ങില്ലേ?

ഇങ്ങിനെ ഓരോന്നു നൊടിഞ്ഞുകൊണ്ടിരിക്കെ അധികാരിയും വക്കീലും പടിവാതിൽ കടന്നു നടയിൽ പ്രവേശിച്ചു. ലോനപ്പൻ മാപ്പിളയോടു, ഒന്നു കണ്ണും ചിമ്മി, തന്റെ ചിരിയുമടക്കി, ഉട്ടൂപ്പ് മാപ്പിള, നടിച്ചുവിട്ട ഭയഭക്തിയോടെ, രണ്ടാളേയും തന്റെ വീട്ടിന്റെ അകത്തേക്കോലായിൽ ഇട്ടിരുന്ന കസേലമേൽ ഇരുത്തി. ഈ കെട്ടുകാര്യങ്ങൾക്കു താനും ഒരു സഹായിയാണെന്നു ശങ്കിച്ചു പോകരുതെന്നു വെച്ചോ മറ്റൊ ലോനപ്പൻ മാപ്പിള, ഇവരുടെ ഒന്നിച്ചുപോകാതെ പടിവാതിലിന്റെ അടുക്കെത്തന്നെ നിന്നു, ഉട്ടൂപ്പമാപ്പിളയുടെ ചിരി പൊട്ടുമ്പോൾ മെല്ലെ അടുത്തുചെല്ലാമെന്നു നിശ്ചയിച്ചു. നേരം പത്തുമിനിട്ടു കഴിഞ്ഞു. വീട്ടിന്റെ അകത്തുവെച്ചു കഴിഞ്ഞതു എന്തെല്ലാമായിരിക്കുമെന്നു ലോനപ്പൻ മാപ്പിളക്കു നിശ്ചയമുണ്ടായിരുന്നില്ല. അദ്ദേഹം നിശ്ചയമായിട്ടും കണ്ടതു “കർത്താവേ! കർത്താവേ!” എന്നുനിലവിളിച്ചുകൊണ്ടു ഭ്രാന്തനപ്പോലെ ഉട്ടൂപ്പ് മാപ്പിള തന്റെ നേരെ ഓടിവരുന്നതാണ്.

**ഉട്ടൂപ്പ്:** ലോനപ്പാ, നീ എന്നെ കതിരച്ചമ്മിട്ടികൊണ്ട് കുറെതല്ല്. നീ ചവിട്ടി എന്റെ എല്ലു മുറിക്ക്. എന്റെ ഈ ഖേദം മറ്റെങ്ങിനെ തീരുന്നു. ഇങ്ങിനെ കിണ്ടും പിണഞ്ഞുപോയല്ലൊ. എന്തു പറ്റലാണ് പറ്റിയതു! കർത്താവു തന്നെ എനിക്കെതിരായല്ലൊ.

**ലോനപ്പൻ:** അല്ലാ! ചിരിക്കുന്നതിനുപകരം കരച്ചിലായോ? എന്തുണ്ടായി?

**ഉട്ടൂപ്പ്:** എല്ലാം പറയാം. ഞാൻ രണ്ട് ഡ്രാം കഴിച്ചു വരട്ടെ. എന്റെ തല നേരെ നില്ക്കുന്നില്ല. ഇങ്ങിനെ ഒരാൾ വഷളാകാനില്ല. ജീവിച്ചിട്ടു പ്രയോജനമില്ല.

ഇങ്ങിനെ ഒക്കെ പിറുപിറുത്തുകൊണ്ടു ഉട്ടൂപ്പ് മാപ്പിള ശുദ്ധ ഭ്രാന്തന്റെ മാതിരി, നിരത്തിന്മേൽ ഇറങ്ങി ബദ്ധപ്പെട്ടു നടന്നു. കുറെ കഴിഞ്ഞപ്പോൾ വിസ്മയത്തോടു കൂടി അധികാരിയും വക്കീലും ലോനപ്പൻ മാപ്പിളയുടെ അടുക്കെ വന്നു.

**അധികാരി:** ഇതെന്തു കഥ! ഉട്ടൂപ്പിന്നു ഈ മാതിരി അപസ്മാരഗോഷ്ടി പിടിപെടാറുണ്ടൊ?

**ലോനപ്പൻ:** ഇത്ര കലശലായിട്ടു ഞാൻ ഇതുവരെ കണ്ടിട്ടില്ല.

**വക്കീൽ:** ഉട്ടൂപ്പിന്റെ അച്ഛന്റെ പെങ്ങളുടെ മകൾ “റോസ” കൂടെ പണക്കാരത്തിയായിരുന്നു. അവൾ ക്ഷയരോഗത്താൽ മരിച്ചുപോയി. മരിക്കുംമുമ്പെ ഒരു ഒസ്യത്തെഴുതിവെച്ചിരുന്നു. ഒസ്യത്തിൽ പലതും ഉള്ളതിൽ പതിനായിരം ഉറുപ്പിക ഉട്ടൂപ്പിന്നും നീക്കിയിരിക്കുന്നു. എന്നാൽ ഉറുപ്പികയായിട്ട് കൊടുക്കാനല്ല, ഒസ്യത്ത്. ആ ഉറുപ്പികക്ക് ഒരു പറമ്പും വീടും വാങ്ങിക്കൊടുക്കാനാണ്. ഒസ്യത്തിൽ എക്സിക്യൂട്ടരായി എന്നെയാണ് നിശ്ചയിച്ചിട്ടുള്ളതു. അതുകൊണ്ടു, ഉട്ടൂപ്പ് വളരെകാലമായി പാർത്തുവരുന്നതുകൊണ്ടു, അധികാരിയുടെ വീടും പറമ്പും, ഞാൻ പതിനായിരത്തിന്നു ഉട്ടൂപ്പിന്റെ പേരിൽ ജന്മം വാങ്ങി ജന്മാധാരവും അധികാരിയുടെ ഒഴിമുറിയും, അടിയാധാരങ്ങളും കൊടുപ്പാൻ വന്നപ്പോളാണ് ഉട്ടൂപ്പിന്നു ഒരു ഗോഷ്ടി പുറപ്പെട്ടതു. സന്തോഷംകൊണ്ടു ശുദ്ധ നൊസ്സാകുമെന്നു ഞാൻ കേട്ടതേ ഉള്ളു. ഇപ്പോൾ എനിക്കു അനുഭവവുമായി.

കാര്യത്തിന്റെ വാസ്തവം ലോനപൻമാപ്പിളക്കു മനസ്സിലായപ്പോൾ അദ്ദേഹത്തിന്റെ ചുണ്ടു ഒരു മന്ദഹാസം കൊണ്ടു നീണ്ടു. അധികാരിയെ നഷ്ടപ്പെടുത്താൻവേണ്ടി ഉട്ടൂപ്പ് മാപ്പിളവീട്ടിന്നും പറമ്പിന്നും വരുത്തിയ ഹാനികൾ കാണിച്ചപ്പോൾ ചിരിച്ചുചിരിച്ചു മരിക്കാറായതു്. അധികാരിയായിരുന്നു. തന്റെ സ്വത്തിന്നു പിടിച്ചതു വിലയും, നഷ്ടം മുഴുവൻ സഹിക്കാൻ ഉട്ടൂപ്പിന്റെ തലയും എന്നു വരുമ്പോൾ കാര്യത്തിന്റെ നേരമ്പോക്കു എത്രത്തോളം കടന്നുപോയി.

## V

പിറ്റേന്നു രാവിലെ ആധാരങ്ങളും മറ്റും അധികാരിയും വക്കീലും ഉട്ടൂപ്പിന്നു കൊണ്ടുവന്നുകൊടുത്തു. ഉട്ടൂപ്പിന്റെ പുളിച്ച മുഖം ഒന്നു കാണേണ്ടതുതന്നെയായിരുന്നു.

**അധികാരി:** ഉട്ടൂപ്പേ നിന്റെ വിദ്യ നന്ന്. പുതിയതു തന്നെയാണ്.

**വക്കീൽ:** റോസയുടെ നിരൂപിക്കാത്ത പുതിയ വിദ്യ അതിലും നന്നായി.

**അധികാരി:** ഉട്ടൂപ്പേ! നീ എന്തെടോ ചിരിക്കാത്തതു? ഞാൻ ഇന്നലെ വേണ്ടതു ചിരിച്ചു.

**ഉട്ടൂപ്പ്:** അബദ്ധം എല്ലാവർക്കും പറ്റും.

**വക്കീൽ:** ഏതായാലും നിന്റെ അദ്ധ്വാനം വെറുതെയായിട്ടില്ല ഉട്ടൂപ്പേ. അദ്ധ്വാനത്തിന്നു മാത്രം പറ്റീട്ടുണ്ടു.

**അധികാരി:** ആട്ടെ! ആറുമാസത്തെ വാടക നൂറ്റിരുപതുറുപ്പിക, എനിക്കു ഇരുപത്തുനാലു മണിക്കൂറിനുള്ളിൽ തരണം.

**വക്കീൽ:** എന്താ, ഉട്ടൂപ്പ് മിണ്ടാത്തതു്?

**ഉട്ടൂപ്പ്:** എന്റെ വശം തല്ക്കാലം പണം ഇല്ല.

**അധികാരി:** തരാതെ പോയാൽ ഞാൻ അന്യായം കൊടുക്കും. ഈ വീടും പറമ്പും ജപ്തിചെയ്യും.

**വക്കീൽ:** എന്താ, ഉട്ടൂപ്പേ—വെറുതെ കോടതിച്ചിലവിന്നും ഉത്തരവാദിയാകേണ്ട.

**ഉട്ടൂപ്പ്:** ഈ കാളകളേയും ചക്കും വിറ്റിട്ടു ഞാൻ മൂന്നുദിവസത്തിന്നുള്ളിൽ തന്നോളാം. ഇങ്ങിനെ സംസാരിക്കുന്ന മദ്ധ്യെ ഷാപ്പുകാരൻ വറിതുമാപ്പിള കേറിവന്നു.

**അധികാരി:** എന്താ വറീതെ! വിശേഷിച്ച്?

**വറീത്:** ഉട്ടൂപ്പമായിട്ടു ചില്ലറ എടവാടു തീർക്കാനായിട്ടുണ്ട്.

**ഉട്ടൂപ്പ്:** ഞാനുമായിട്ടൊ? എന്തിടവാട്?

**വറീത്:** ചാക്കിലോടത്തു ലോനപ്പൻ റങ്കൂണിലേക്കു പോയി.

**അധികാരി:** എന്ന്?

**വറീത്:** ഇന്ന്:

**ഉട്ടൂപ്പ്:** എന്താ! എന്നോടു ഒരു വാക്കുപോലും പറയാതേയോ! ഇങ്ങിനെ പോയ്ക്കളഞ്ഞല്ലോ! നന്ദിയില്ലാത്തകഴുത!!

**വറീത്:** തിരക്കുകൊണ്ടു വരാൻ കഴിഞ്ഞില്ല എന്നു നിങ്ങളോടു പറവാൻ പറഞ്ഞു.

**അധികാരി:** അവൻ കടത്തിൽ മുഴുകിയിരുന്നല്ലൊ? അവന്നു പണം എവിടുന്നുകിട്ടി?

**വറീത്:** പണം ഞാൻ സഹായിച്ചു.

**അധികാരി:** ഉറപ്പോ?

**വറീത്:** ഉട്ടൂപ്പിന്റെ വീട്ടുസാമാനങ്ങളും ചക്കും കാളകളും ഒക്കെ അവന്റേതാണത്രെ. അവന്റെ ആറുമാസത്തെ വാടക അറുപതുറുപ്പിക അടക്കം എല്ലാസാധനങ്ങളും മറ്റും എനിക്കറുനൂറുറുപ്പികക്കു വിറ്റു. അഞ്ഞൂറുറുപ്പികകൊണ്ടു അവന്റെ പറമ്പിന്മേലുണ്ടായിരുന്ന എന്റെ കാണം വീട്ടി നൂറുറുപ്പിക കയ്യിൽകൊണ്ടുപോയി.

**ഉട്ടൂപ്പ്:** (കണ്ണുമിഴിച്ചുകൊണ്ടു) എന്ത്? എന്റെ സാമനങ്ങളൊക്കെ അവൻ വില്ക്കയോ? ആ കള്ളസ്സബറിനെ തല്ലിക്കൊല്ലണ്ടേ? അവന്റെ വക ഒരു കാശിന്റെ മുതൽ ഇവിടെ ഇല്ല. ഈ വീട്ടിൽ കാണുന്ന കീറിയ തുണിക്കഷണവുംകൂടി എന്റെ സ്വന്തമാണ്. ആ കുലിപ്പാപ്പർക്കു എന്തു മുതലാണുള്ളതു!

**വറീത്:** ഈ കടലാസ്സൊന്നു വായിച്ചുനോക്കിൻവക്കിലേ.

**വക്കീൽ:** (വായിച്ചിട്ടു) എന്താണുട്ടൂപ്പേ അസംബന്ധം പറയുന്നതു! ഇതു നീതന്നെ എഴുതിക്കൊടുത്ത രേഖയല്ലെ! സാമാനങ്ങളും മറ്റും അവന്റെ സ്വന്തമാണെന്നു നീ തന്നെ സമ്മതിച്ചിട്ടുണ്ടല്ലോ!

**ഉട്ടൂപ്പ്:** അയ്യോ! അതു ഞാൻ വെറുതെ എഴുതിക്കൊടുത്തതാണ്. അതിൽ പറയുന്ന സംഗതി മുഴുവൻ കളവാണ്. അതു പ്രതിഫലമില്ലാത്ത ഒരാധാരമാണ്. ആ കള്ളൻ എന്നെ പറ്റിച്ചതാണ്.

**വക്കീൽ:** പിന്നെ നീ ഇങ്ങിനെ എഴുതിക്കൊടുത്തതെന്തിനാണ്?

**ഉട്ടൂപ്പ്:** എനിക്കങ്ങിനെ ഒരു നൊസ്സുതോന്നി. അവൻ വിശ്വസിച്ചു ചതിച്ചതാണ്.

**അധികാരി:** നൊസ്സോ? കള്ളക്കഴുവേറി! നിന്റെ സ്വത്തിന്മേൽ ഞാൻ പ്രവേശിക്കുമെന്നുകരുതി നീ അന്യാധീനപ്പെടുത്തിവെച്ചതല്ലെ?

**വക്കീൽ:** ഹാ! ഹാ! അവിടേയും പറ്റിയോ. ക്ഷണമാകട്ടെ, സാമാനങ്ങളും കാളകളും വറീതിന്നു വിട്ടുകൊടുക്കു. താമസിക്കേണ്ട. ഇനിയൊരു പുതിയ വിദ്യയൊന്നും ഇവിടുന്നു കാണിക്കേണ്ട.

**അധികാരി:** ഹാ! ഹാ! ഹാ! ബഹുരസമായുട്ടൂപ്പേ. ഞാൻ ഒന്നുകൂടി ചിരക്കട്ടെ. ഹാ! ഹാ! ഹാ! നിന്റെ വിദ്യ ഒരു പുതിയ വിദ്യതന്നെയാണ്. ഹാ! ഹാ! ഹാ!.

# കെ. സുകുമാരൻ, ബി. എ.[1]

കെ. സുകുമാരൻ കാമ്പിൽ തട്ടായിലത്തു ഗോവിന്ദന്റെയും, ഇടമലത്തു മാധവിയുടേയും മകനായി 1876 മെയ് 20-ന് ജനിച്ചു. നോർമൻ സ്ക്കൂൾ, മുൻസിപ്പൽ സ്ക്കൂൾ, ബാസൽ മിഷൻ സ്ക്കൂൾ എന്നിവിടങ്ങളിലാണ് പഠിച്ചത്. ഇന്റർമീഡിയറ്റ് പഠനം തലശ്ശേരി ബ്രണ്ണൻ കോളേജിലും പാലക്കാട് വിക്ടോറിയയിലും ആയിരുന്നു. ജന്തുശാസ്ത്രം ഐച്ഛികമായി, മദിരാശി പ്രസിഡൻസി കോളേജിൽ നിന്നും 1894-ൽ ബിരുദം നേടി. തുടർന്ന് സിവിൽ കോടതി ക്ളാർക്കായി ജോലിയിൽ പ്രവേശിച്ചു. 1915-ൽ സിവിൽ ജൂഡീഷ്യറി ടെസ്റ്റ് പാസായി. 1931-ൽ കോഴിക്കോട്ട് അസിസ്റ്റന്റ് സെഷൻസ് കോർട്ടിൽ നിന്നും പെൻഷൻ പറ്റി. കൗസല്യയെ ആണ് സുകുമാരൻ വിവാഹം ചെയ്തത്. അദ്ദേഹം 1956 മാർച്ച് 11-ന് മരിച്ചു. ചെറുകഥ, നോവൽ, നാടകം, കാവ്യം, ഹാസ്യം, ശാസ്ത്രം എന്നിങ്ങനെ പല ഇനങ്ങളിലായി അമ്പതോളം കൃതികൾ ഉണ്ട് സുകുമാരന്റേതായി. സുകുമാരകഥാമഞ്ജരി, ചെറുകഥ, അഞ്ചുകഥകൾ എന്നീ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ കഥകൾ ലഭ്യമാണ്.

കൃതികൾ: അഴകുള്ള പെണ്ണ്, വിധി, ആ വല്ലാത്ത നോട്ടം, ഇണക്കവും പിണക്കവും, ഒരു പൊടിക്കൈ, പാപത്തിന്റെ ഫലം, ആരാന്റെ കുട്ടി, വിധവയുടെ വാശി, വിവാഹത്തിന്റെ വില, വിരുന്നു വന്ന മാമൻ.

---

1. അതീവ ഖേദത്തോടെ പറയട്ടെ. ഇത്രയും പ്രശസ്തനായിരുന്ന ഈ സാഹിത്യകാരന്റെ ഒരു ഫോട്ടോ പോലും കിട്ടാനില്ല. വായനക്കാരിൽ ആർക്കെങ്കിലും ഫോട്ടോ അയച്ചു തരാൻ കഴിയുമെങ്കിൽ നമുക്ക് ഈ ഡോക്യുമെന്റേഷൻ പൂർണതയിലെത്തിക്കാം.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014